

109
P

Digitized By Kerala Sahitya Akademi

# പാടുന്ന പിശാച്

ഗ്രന്ഥകർത്താ:
ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.
ഇടപ്പള്ളി.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

Digitized By Kerala Sahitya Akademi

Composed in Thulam, 1120 at Madras,
First Impression in Kumbhom, 1124.
Second Impression in Dhanu, 1131.

*All rights*
*Strictly reserved and kept by*
*The author's brother*
***C. K. PRABHAKARA PANICKER***
"CHANGAMPUZHA HOUSE"
EDAPPALLY.
[N. Travancore]

Price 1—8—0

Printed at
THE MANGALODAYAM PRES
TRICHUR.

Digitized By Kerala Sahitya Akademi

Ye darkened days of spiritual slumber
Though thou didst crown me with material splendour,
Yet with tears, I'm compelled to remember
Since robbed me thou of all my youthful candour.

The pangs I bear, past voluptuous pleasure
My visions lust, deceit and my blunder,
All, in these verses in boundless treasure
Stored at thy feet I joyfully surrender!

—*Changampuzha*

The Poets true function I know not;
Nor wish to know,
Call me not a POET, since't is
Seeds of SIN I sow!

—*Changampuzha*

Digitized By Kerala Sahitya Akademi

എത്രയോ പാവനപ്രേമസ്വരൂപിക-
ളെത്തി ലോകത്തെത്തുടച്ചു നന്നാക്കുവാൻ,
നിർദ്ദയവഞ്ചനതൻ കുരിശിൽത്തറ-
ച്ചുദ്ധതമർത്ത്യനവരെ ഹിംസിയ്ക്കയാൽ,
പിന്നിപ്പരന്നോരു ചെന്നിണം ചേർത്തിട്ടു
മന്നിൽക്കളങ്കമിരട്ടിച്ചുഃത ഫലം!
എൻചെറുകൈപ്പടത്തേപ്പിനാലിത്തരം
വൻചളിയുണ്ടോ മറയുന്നു വല്ലതും!

മണ്ണു പുരട്ടിക്കൊടുത്തു കുരുടന്റെ
കണ്ണിനു ജീവനരുളിയ ദിവ്യനും,
എന്തേ കഴിഞ്ഞീല കണ്ണുപൊട്ടാത്തൊരീ-
യന്ധജഗത്തിനു കാഴ്ചയുണ്ടാക്കുവാൻ?
അല്ലെങ്കിലെന്നകത്തുള്ളഴുക്കെങ്കിലും
തെല്ലൊന്നു കാണുവാൻ വയ്യാത്തതെന്തു മേ?

*   *   *   *

ആവട്ടെ ഭുവനം ശുദ്ധമായ് സൃഷ്ടിച്ച
ദേവന്റെ തൃപ്പദം വെച്ചു പൂജിക്കുവാൻ,
എന്മനക്കോവിൽ- കഴുകിത്തുടച്ചൊന്നു
നിർമ്മലമാക്കി വെയ്ക്കട്ടെ ഞാനാദ്യമായ്!

Mathrubhoomi Weekly
24—5—1120

വിദ്വാൻ,
പി. ആർ. വാരിയർ.

Digitized By Kerala Sahitya Akademi

ഞാൻ ഈ കവിതയെഴുതിയതു നിയമപഠനത്തിനായി മദിരാശിയിൽ താമസിക്കുന്ന കാലത്താണ്.........
.........................ചില കാരണങ്ങളാൽ ഞാൻ ഒട്ടേറെ മനഃക്ലേശം അനുഭവിച്ചിരുന്ന ഒരു സന്ദർഭത്തിലാണ് ഏതാണ്ട് ആത്മകഥാരൂപമായ ഈ കൃതി എഴുതിയത്. ഇതിൽ ഞാൻ ആക്രമിച്ചിട്ടുള്ള വ്യക്തികളോടു വ്യക്തിപരമായ യാതൊരു വിദ്വേഷവും എനിക്കില്ലതന്നെ. ഈ കൃതിയിൽ അക്കാലത്തെ എന്റെ മനോവ്യാപാരങ്ങൾ അതേപടി കാണാവുന്നതാണ്.

Ajithanilayam,
Kanattukara,
Trichur,
25—6—1121.

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഒന്ന്

നീളവേ ചില്ലൊളിപ്പുള്ളികൾ മിന്നു,മാ-
നീലിച്ച പീലി നിവർത്തിനിർത്തി,
കണ്ണഞ്ചിടും സ്വപ്നങ്ങളൊത്തുചേർ-
ന്നെണ്ണയൊലിക്കും കഴുത്തു നീട്ടി,
പത്തി വലിച്ചു വിരിച്ചു വാലിട്ടടി-
ച്ചുക്രുദ്ധവശമായ് വാപിളർത്തി,
മിന്നൽക്കൊടിപോൽ പിടയുമാ നാവുകൾ
മുന്നോട്ടു മുന്നോട്ടു ചീറ്റി നീട്ടി,
ഉൽക്കടപ്രാണദണ്ഡത്താൽപ്പുളയുമൊ-
രുഗ്രസർപ്പത്തെയും കൊക്കിലേന്തി;
തഞ്ചത്തിൽത്തഞ്ചത്തിൽ തത്തിജ്ജ്വലിക്കുന്ന
മഞ്ചാടിച്ചെങ്കനൽക്കണ്ണുരുട്ടി;
ആരാലെൻമുന്നിലൊരാൺമയിലായിവ-
ന്നാടിനിൽക്കുന്നു, ഹാ, പാപമേ, നീ!
ഒട്ടല്ല കൗതുകം മാറോടു ചേർത്തൊന്നു
കെട്ടിപ്പിടിക്കാനെനിക്കു നിന്നെ.
രക്തമൊലിക്കട്ടെ കൂർത്താരക്കൊക്കിനാൽ
കൊത്തുക കൊത്തുകെൻമാനസം നീ!

Digitized By Kerala Sahitya Akademi

വീട്ടിലില്ലാനന്ദം നാട്ടിലില്ലാനന്ദം
വീർപ്പുമുട്ടീടുന്നിതെൻഹൃദന്തം.
കൊത്തിവലിയ്ക്കുകതിൽനിന്നുമാ ജീവ-
രക്തം മുഴുവനും ചോർന്നുപോട്ടെ.
എങ്കിൽ,ക്കനിഞ്ഞതു ചെയ്കിൽ നീ,യിന്നെനി-
യ്ക്കെന്തെന്തൊരാശ്വാസമായിരിക്കും!
എല്ലാരുമെന്നെ വെറുക്കുന്നു—ഞാനുമി-
ന്നെല്ലാററിനേയും വെറുത്തിടുന്നു.
എന്മനോഭാവത്തോടൈകൃത നേടുവാൻ
സമ്മതമുള്ളവരാരുമില്ല.
ഭീകരമാമീപ്പൊരുത്തമില്ലായ്മയാൽ
ലോകമെനിക്കു നരകമായി.
ഭീകരമാമീപ്പൊരുത്തമില്ലായ്മയാൽ
ലോകത്തിനു ഞാൻ ചതുർത്ഥിയായി.
തെല്ലുനാളല്ലാതെ കൂടിക്കഴിഞ്ഞിടു-
കില്ലെന്നോടൊത്താരുമെന്നുമെന്നും!

നീ മാത്രമുണ്ടെനിയ്ക്കുന്നടുത്തെപ്പൊഴും
നീരസം തോന്നാതെ തങ്ങിനില്ക്കാൻ.
ഇല്ലെനിയ്ക്കാരുമീ ലോകത്തിൽ നീയല്ലാ-
തില്ലെനിയ്ക്കാരും ഞാൻ നിസ്സഹായൻ!
ഇന്നതുകാരണമെന്തിലും മീതെയായ്
മന്നിൽ ഞാനിഷ്ടപ്പെടുന്നു നിന്നെ!
ഉത്തമമിത്രമേ സങ്കോചമെന്തിനു
കൊത്തിക്കുടിച്ചുകൊൾകെന്മനം നീ!!

Digitized By Kerala Sahitya Akademi

# രണ്ടു്

ആദികാലങ്ങളിലാദർശരശ്മികൾ-
ക്കാതിത്ഥ്യമേകി ഞാനെന്മനസ്സിൽ.
ആ നവയൗവനരംഗത്തിൽ സർവ്വവു-
മാനന്ദസാന്ദ്രങ്ങളായിരുന്നു.
ഉന്നതമാകുമാ മാദകലക്ഷ്യത്തിൽ
മിന്നിത്തിളങ്ങിയ താരകങ്ങൾ
കാമൽക്കരങ്ങളാലെന്നെത്തഴുകവേ
കോൾമയിർക്കൊണ്ടു ഞാൻ പാട്ടുപാടി.
അന്നെന്റെ സങ്കല്പം കാണിച്ച ലോക,മീ
മന്നിലും കാണാൻ ഞാൻ വെമ്പിനോക്കി.
എന്തൊരു കാഴ്ചയാണെന്നുന്നിൽ ഞാൻ കണ്ട-
തെന്തൊരത്യുഗ്രമാം വൈപരീത്യം!
തോൽവിയിലെന്നെപ്പരിഹസിച്ചാരന്നു
തോളോടുതോൾചേർന്ന തോഴർപോലും!
ദാരിദ്ര്യകൂപത്തിലാണെന്നിരിയ്ക്കിലും
സൂരാഭ ചൂടുമെന്നന്തരംഗം
സ്വർഗ്ഗീയസ്നേഹത്തിൽക്കെട്ടിപ്പടുത്തൊരാ
സ്വപ്നസൗധങ്ങളുടിതകർന്നു.
എന്തു പരാജയം, ഹന്ത ഞാനെമ്മട്ടെൻ-
സന്താപബാഷ്പമടക്കിനിർത്തും?
എന്നല്ലൊരാദർശലോലനായാവിധ-
മെന്നുന്നിൽ നിന്നൊരെന്നാത്മശ്ലേഷൻ,

Digitized By Kerala Sahitya Akademi

ചാടിമറിയുന്ന കാലപ്രവാഹത്തി-
ലാടലിയന്നു ഞാൻ നോക്കിനില്ക്കേ!
മായാമരീചികയായ് സ്വയം മാറുന്നു
മാനസമോഹനശ്രീമയൂഖം.
കമ്പിതഗാത്രനായ്, സ്തംഭിതചിത്തനായ്
അമ്പരന്നാവിധം നില്ക്കുമെന്നെ
തോളിൽക്കുലുക്കി പ്രസന്നനാം മറ്റൊരു
തോഴൻ പറകയാണിപ്രകാരം:—

"എന്തിനാണീ മന്നിലാദർശസ്വപ്നങ്ങൾ
ചിന്തിച്ചുനോക്കു നീ മത്സുഹൃത്തേ!
തങ്കക്കിനാക്കളെപ്പൂവിട്ടു പൂജിച്ച
നിൻകളിത്തോഴ നിന്നെങ്ങുപോയീ?
നീയുമമ്മട്ടിൽ മരീചികതൻ പിമ്പേ
പായുകയാണയേ, മൽക്കിടാവേ!
ഈമട്ടിലാണെങ്കിൽ നീയുമൊരിക്കൽ നി-
ന്നോമനത്തോഴനെപ്പിന്തുടരും.
ഗാനത്തിൽക്കാണുന്നതല്ല നാം കൺമുന്നിൽ-
ക്കാണുമീ ലോകമെന്നോർമ്മവേണം.
അങ്ങോട്ടു നോക്കുകക്കാനനപ്പച്ചകൾ
തിങ്ങുന്ന ശൈലത്തിൻ ശൃംഗമൊന്നിൽ
മാണിക്യവീണയും മീട്ടിയിരിക്കുന്ന
മാനസമോഹിനിയുണ്ടൊരുത്തി.

Digitized By Kerala Sahitya Akademi

ഉൽക്കൃഷ്ടദേവതയാണവളുണ്ടുള്ളി-
ലുൽക്കടപ്രേമമവൾക്കു നിന്നിൽ!
സ്വപ്നവും കണ്ടിങ്ങിരുന്നാൽ, നീയെമ്മട്ട-
സ്സ്വർഗ്ഗീയരംഗത്തിൽ ചെന്നുചേരും?
ആകർഷകങ്ങളാമായിരം സിദ്ധിക-
ളേകിയിട്ടുണ്ടു നിനക്കു ദൈവം.
നീയവ പാഴിൽ നശിപ്പിയ്ക്കയാ,ണോരോ
മായികസ്വപ്നത്തിൽ കൂട്ടുകൂടി.
പാടിയാൽമാത്രം മതിയോ പരഭൃതം
തേടണ്ടേ മാകന്ദപല്ലവങ്ങൾ?
ഉൽക്കർഷം നിന്നെ വിളിക്കുന്നു കൈകാട്ടി-
യുൾക്കിതപ്പാന്നു നീയിങ്ങു നില്ല!
സ്വല്പവും ക്ഷുത്തടങ്ങീടുകില്ലാർക്കു,മ-
സ്വപ്നാമൃതംകൊണ്ടെന്നോർമ്മവേണം.
പ്രായോഗികത്വത്തിൻ പാത പററിച്ചേന്നു
നീയവിടേയ്ക്കു കുതിച്ചുചെല്ലു.
കല്ലുണ്ടു, മുള്ളുണ്ടു, കാനനവീഥിയാ-
ണെല്ലാം സഹിയ്ക്കാനൊരുങ്ങണം നീ!

പാതിവഴി കഴിഞ്ഞെത്തിയാൽപ്പിന്നത്തെ-
പ്പാതയിൽപ്പുഷ്പിതപാദപങ്ങൾ,
ഞെട്ടററുതിന്നിടും പൂക്കളാൽ നീളെ, നൽ-
പ്പട്ടുപാവാട വിരിച്ചിരിയ്ക്കും!

Digitized By Kerala Sahitya Akademi

വന്നെതിരേററിടും നിന്നെയാ മോഹിനി
പൊന്നിൻപൂന്താലവും കയ്യിലേന്തി
ഒട്ടും മടിയ്ക്കേണ്ട നീ നിൻമിന്നുന്നൊരി-
പ്പട്ടാടയെല്ലാമഴിച്ചു മാററൂ!
പൊട്ടാത്തിരമ്പിനാൽത്തീർത്തൊരീയെൻപട-
ച്ചട്ട നീ വാങ്ങിച്ചെടുത്തു ചാർത്തൂ.
തെല്ലുനാൾക്കുള്ളിൽ നീ സൗഭാഗ്യശൃംഗത്തി-
ലുല്ലസിയ്ക്കും, നീ യശസ്വിയാകും.
ഇന്നേവം നിന്നെയവഗണിച്ചീടുവോ-
രന്നു നിന്നെക്കാൺകെക്കൈകൂപ്പും.
യുക്തിയും ബുദ്ധിയും യോജിച്ചൊരത്ഭുത-
ശക്തി നിനക്കുണ്ടധീനമായി.
പാരിൽ നീയീവെറുമാലസ്യമൊന്നിനാൽ
പാഴിലതയ്യോ കളയരുതേ!
നന്മ വരട്ടെ നിനക്കിനി വൈകേണ്ട
നന്മസഖാവേ, പുറപ്പെട്ടു നീ!........”

Digitized By Kerala Sahitya Akademi

# മൂന്ന്

സ്വന്തമായ്ച്ചിന്തിയ്ക്കുവാനുള്ള ശക്തിയെ-
ന്നന്തരംഗത്തിൽ ക്ഷയിച്ചിരുന്നു.
അപ്പടച്ചട്ട ഞാൻ വാങ്ങിയിട്ടക്ഷണ-
മത്ഭുതവേഗത്തിലാഞ്ഞു പാഞ്ഞു.
അക്കൊടും പാച്ചിലിൽ മൽപാദപാതത്താൽ
പുൽക്കൊടിയേറെച്ചതഞ്ഞരഞ്ഞു.

പേമാരി പെയ്തു ഞാൻ നിൽക്കാത്ത മട്ടക-
ണ്ടാമട്ട വന്നപോൽ പോയ്മറഞ്ഞു.
കക്കശ വാതമടിച്ചു—ഞാൻ കാൽക്ഷണം
നിൽക്കുകില്ലെന്നായറിഞ്ഞൊഴിഞ്ഞു.
തീവെയിൽ വന്നെന്നെ വാട്ടി—ഞാനെന്നിട്ടും
പോവതു കണ്ടുടൻ പിൻവലിഞ്ഞു.
നിന്നില്ലൊരേടവും വീഴ്പ്പിടാൻകൂടി ഞാൻ
മുന്നോട്ടു മുന്നോട്ടിരച്ചുപാഞ്ഞു.
അത്ഭുതമെന്മട്ടൊരേണാങ്കരശ്മിയൊ-
രഗ്നിശിഖയായെരിഞ്ഞു മാറി?
ഇഷ്ടമായീലതന്നാളുമസൂയയാൽ
കഷ്ടമെല്ലാവരും പല്ലിറുമ്മി.
എന്നല്ലഖിലരുമാവുന്ന മട്ടൊക്കെ-
യെന്നെ വീഴിയ്ക്കാനൊരുങ്ങിനോക്കി.

Digitized By Kerala Sahitya Akademi

പാവങ്ങൾ പാവങ്ങളായിക്കഴിയണം
പാടില്ലവക്കാക്കമഭ്യുദയം.
വിത്തവാന്മാരുടെ പൈതൃകമാണുപോൽ
വിത്തവിഖ്യാതിവിദ്യാദിയെല്ലാം!
അല്ലിൽസ്സഹജയെജ്ജായയാക്കിത്തീർത്തു
നില്ക്കുജ്ജനിവൃതിയാസ്വദിപ്പോർ
സൂരപ്രഭയിൽ യതീശ്വരനായ് സ്വയം
മാറി, വേദാന്തം വിളിച്ചുചൊല്ലു.
വിത്തമാണത്രേ കുലമഹിമസ്കുള്ള
വിത്തു പൊട്ടിക്കിളുന്നു വൃത്താൽ,
ചാരുസൗരഭ്യമായന്തസ്ഥദുർഗ്ഗന്ധ-
മാരുമറിയുകയില്ലപോലും!
എൻനാട്ടിലെൻചുററും കാണുന്ന കാഴ്ച ഞാൻ
ചൊന്നതാണേകുവിൻ മാപ്പു നിങ്ങൾ!
സത്യം വിളിച്ചുപറഞ്ഞാലീ ലോകത്തിൽ
ശത്രുക്കൾമാത്രമേ ബാക്കിയാകൂ.
ആവിധമന്നല്ലോ, ശത്രുസമ്പന്നനായ്
ഭൂവിലനാഗതശ്മശ്രുവാം ഞാൻ.
ഇന്നുമതിനു കുറവില്ലൊരല്പവും
മന്നിലിന്നും ഞാൻ രിപുകുബേരൻ!!

എന്നഭ്യുദയമതത്രയ്ക്കസഹ്യമായ്
വന്നു പലക്കുമവരുടന്നേ,

Digitized By Kerala Sahitya Akademi

കണ്ടകമുള്ളിലായ് പാകി, മീതേ മലർ-
ച്ചെണ്ടിട്ട കണ്ടുകളെൻവഴിയിൽ
ഒട്ടേറെ നിർമ്മിച്ചു, നാലുപാടും വല-
ക്കെട്ടു വിരിച്ചു കുരുക്കുവെച്ചു
ഉൽക്കർഷസക്തനായ്പ്പാഞ്ഞുപോം ഞാനവ-
യൊക്കെയും മുൻകൂട്ടിക്കണ്ടറിഞ്ഞു.
എങ്കിലും കാണാത്ത ഭാവം നടിക്കയാൽ
ശങ്കയുണ്ടായീലവർക്കുതെല്ലും.
തുഷ്ടരായങ്ങിങ്ങു മൽപതനം കണ്ടു
പൊട്ടിച്ചിരിക്കാനൊളിച്ചിരുന്നു.
ഞാനും പഠിച്ചു നയങ്ങൾ കപടങ്ങൾ
ഞാനും പഠിച്ചു കൊലച്ചതികൾ.
എന്നല്ലവരിലും ബുദ്ധിമാനാണു ഞാൻ
നന്നായെനിക്കവ കയ്യൊഴിക്കാം.

ആനന്ദമായവർക്കാദ്യമേകീട്ടവാ-
നാണെനിക്കാശ ജനിച്ചതപ്പോൾ.
മററു വഴികൾ കിടക്കവേ മുള്ളുകൾ
മാറും വഴിയിൽ ഞാനാദ്യമെത്തി.
വീണിട്ടും ഞാനിപ്പൊഴെന്നോർത്തൊളിച്ചങ്ങു
വാണിടുന്നോർക്കെന്തു ഹർഷഭാരം!
പ്രീതനായ് കയ്യിലെടുത്തു ഗർത്തങ്ങൾതൻ
മീതെയുള്ളാ മലർച്ചെണ്ടുകൾ ഞാൻ.

Digitized By Kerala Sahitya Akademi

മർത്ത്യനു കൺകുളിർത്തീടുവാനായ്മാത്ര-
മത്ര മനോജ്ഞമാം മഞ്ജരികൾ
നീളവേ വാരി വിതറിയോരീശന്റെ
നീടുററ കാരുണ്യം ഞാൻ പുകഴ്ത്തി.

എന്നിട്ടടിയിൽക്കിടക്കുമാ മുള്ളുകൾ
മന്ദസ്മിതം തൂകി വാരിയേന്തി,

എല്ലാം ചെകുത്താന്റെ ദംഷ്ട്രകളെന്നു ഞാൻ
ചൊല്ലി ദൂരത്തു വലിച്ചെറിഞ്ഞു.

പാർത്തിരിക്കുന്നോർതൻ മെയ്യിലെല്ലാം മുന
കൂർത്തോരാ മുള്ളുകൾ ചെന്നറഞ്ഞു.

വേദനമൂലം പിടഞ്ഞെഴുന്നേററവർ
വേഗമുഴന്നോടി നാലുപാടും;

എന്നെ വീഴിക്കാൻ വിരിച്ച വലകളിൽ-
ത്തന്നെയോർക്കാതവർ ചെന്നു ചാടി.

ഒന്നുമറിയാത്ത ഭാവത്തിൽ മുന്നോട്ടു
ചെന്നങ്ങവരെ ഞാനുററുനോക്കി.

പെട്ടാവലയിൽക്കിടപ്പവർ മിക്കതും
കഷ്ട,മെൻ കൂട്ടുകാരായിരുന്നു.

ഒന്നിച്ചു ജീവനായ്ക്കൂടിക്കഴിയുന്നോ-
രെന്നാത്മമിത്രങ്ങളായിരുന്നു.

കണ്ടാൽക്കൊതിക്കുമവർതൻ മുഖത്തിലു-
ണ്ടു തീജ്ജ്വാലയെന്നാരറിഞ്ഞു!

Digitized By Kerala Sahitya Akademi

സൗഹൃദം, സൗഹൃദം ജീവിതപ്പൂവിന്റെ
സൗരഭം—കഷ്ടം ഞാനെന്തു മൂഢൻ!
ഇത്രയും കാലം തഴുകിയതാണെന്റെ
ചിത്തത്തിനോടു ഞാൻ ചേർത്തതിനെ.
പ്രേമത്തെ വിശ്വസിക്കായ്കെന്നനുഭവ-
സ്തോമമെന്നെപ്പഠിപ്പിച്ചു പണ്ടേ.
ആകയാൽ സൗഹൃദത്തോടു ഞാനത്രമേ-
ലാകൃഷ്ടനായിച്ചമഞ്ഞിരുന്നു.
പാവനമെന്നോർത്താരപ്പാരിജാതവും
പാഷാണപാദപമായിരുന്നോ?
ഞെട്ടി ഞാൻ—സ്വപ്നങ്ങൾ കൈവിട്ടിരുമ്പു
ച്ചട്ട ഞാനിട്ടതു ഭാഗ്യമായി.		(പോർ-
അല്ലായിരുന്നെങ്കിലക്ഷണം ഞാൻ തല-
തല്ലി മരിച്ചിടുമായിരുന്നു.
ശത്രുക്കളാണസൂയാലുക്കളെന്നു ഞാ-
നിത്രയും കാലം ധരിച്ചു, പക്ഷേ,
മിത്രങ്ങളായവരേക്കാൾ ഭയങ്കര-
രിത്തരുണത്തിൽ ഞാനെന്തു ചെയ്യും?

ജീവച്ഛവമായൊരക്ഷരം മിണ്ടാതെ-
യാവലക്കെട്ടൊട്ടറുത്തു നീക്കി,
പ്രാണനാശത്തിൽച്ചിരിക്കാനിരുന്നൊരെൻ-
പ്രാണസഖാക്കൾക്കു രക്ഷയേകി
എന്നാലതുമുതൽ, കഷ്ടമതു, മായവർ-
ക്കൊന്നുപോൽ ഞാൻ ബദ്ധശത്രുവായി.

Digitized By Kerala Sahitya Akademi

സൽബുദ്ധി നന്നല്ല ലോകത്തിലെന്നെനി-
യ്ക്കപ്പോഴ്മുതല്ക്കുള്ളിൽ ബോദ്ധ്യമായി!

നിന്നില്ലവിടെ ഞാൻ പിന്നെക്കുതിച്ചുപോയ്
മുന്നോട്ടു ഞാനെൻെറ പാട്ടുനോക്കി.
ഹന്ത, സാധുക്കളവൾക്കു ഞാനേകിയ-
തെന്തൊരിച്ഛാഭംഗമായിരുന്നു!
ജീവനെപ്പോലെ ഞാൻ സ്നേഹിച്ചിരുന്നവർ
കേവലം നിർദ്ദയഘാതകന്മാർ.
ഹന്ത,യിമ്മട്ടിലാണെങ്കി,ലീ ലോകത്തി-
ലെന്തിനെയൊന്നിനി വിശ്വസിക്കും?
എല്ലാം ചപലങ്ങളെല്ലാം കപടങ്ങ-
ളില്ലേ യഥാർത്ഥങ്ങൾ, ശാശ്വതങ്ങൾ?
സർവ്വവും നാട്യമോ, ജീവിക്കണമെങ്കിൽ
ദുർവ്വാരമാണോ കപടവേഷം?
എങ്കിൽ ഞാനിത്രയും കാലമീ ലോകത്തി-
ലെന്തു വിട്ടുവിഡ്ഢിയായിരുന്നു!
പാടില്ല, പാടില്ലെനിക്കും പറത്തണം
പാടേ ജയത്തിൻ പതാക പാരിൽ.
അന്യഹൃദ്രക്തത്തിൽ ഞാനെൻപതാകകൾ
വർണ്ണം പിടിപ്പിക്കും, തീർച്ചതന്നെ!

വന്നിതുൾക്കഷ്ടം കുണുങ്ങിയെന്മുന്നിൽ, ഞാൻ
കണ്ണെറിഞ്ഞില്ലൊന്നും മിണ്ടിയില്ല
നെഞ്ചിടിപ്പാർന്നീയവളുടെ നേർക്കൊരു
പുഞ്ചിരിയെങ്കിലും തൂകിയില്ല.

Digitized By Kerala Sahitya Akademi

പിന്നീടു പാതയിൽ ഞാൻ കണ്ട കാഴ്ചയിൽ-
ത്തന്നെയെൻചിത്തം ലയിച്ചിരുന്നു.
　　മാറണിപ്പൂഞ്ചേല നേക്കിട്ടുലഞ്ഞ പൊൻ-
മാലകൾ മീതേ ശരിയ്ക്കിണക്കി,
താനേ സമീപത്തു ചേൎന്നുനിന്നോമന-
ത്താമരത്താരെതിർക്കൈകൾ പൊക്കി,
തങ്കവളകളിളകിക്കിലുങ്ങുമാ-
റെൻകണ്ഠനാളത്തിൽ കോൎത്തിണക്കി,
നീലാളകങ്ങളുലഞ്ഞൂൎന്നു നെററിയിൽ
നീളെച്ചുരുളിട്ടു വീണു ചിന്നി,
ലജ്ജയാൽപ്പൂങ്കവിൾക്കൂമ്പിലിരട്ടിച്ചൊ-
രുജ്ജ്വലശോണിമ മിന്നി മിന്നി,
രാജസോല്ലാസദവൈഭവദ്യോതക-
തേജസ്സണിഞ്ഞ മുഖമുയൎത്തി,
"വല്ലാത്ത പുള്ളി"യെന്നോമനത്തം വഴി-
ഞ്ഞുല്ലസൽസ്മേരയായ്ക്കൊഞ്ചിയോതി,
അപ്പിക്കയായവളെന്മുഖത്തായിരം
സ്വപ്നാത്മകങ്ങളാം ചുംബനങ്ങൾ!—
മാനസത്തിന്നു ലഹരിപിടിയ്ക്കുന്ന
മായികമംഗളചുംബനങ്ങൾ!
ഞാനഭിമാനിച്ചു ജീവിതലക്ഷ്യമി-
താണെന്നതിൽ ഞാനഹങ്കരിച്ചു!

Digitized By Kerala Sahitya Akademi

# നാലു്

രണ്ടല്ല നാലല്ല നാനൂറു കയ്യുക-
ളുണ്ടെനിയ്ക്കുഗ്രനാഖങ്ങളുമായ്!
പല്ലുകളല്ലുഗ്രദംഷ്ട്രകൾ, കണ്ണുനീ-
രല്ലെൻമിഴികളിൽ തീപ്പൊരികൾ!
ചെണ്ടല്ല വജ്രശിലയാണകം, മെയ്യിൽ
കണ്ടാമൃഗത്തിൻ കട്ടത്ത ചർമ്മം.
ഓടക്കുഴലൊരു കയ്യിൽ, കൊടുംതല-
യോടു മററൊന്നി,ലൊന്നിൽക്കഠാരം
വേറൊന്നിൽ മദ്യചഷകം, സ്ഥലിംഗങ്ങൾ
പാറും ശരളമൊരു കരത്തിൽ
രക്തമിററിററുവീഴും കുടർമാലകൾ
തത്തിക്കളിക്കുന്ന ഹസ്തമേകം.
ശ്രീലസൗരഭ്യമെഴും മലർമാലകൾ
ചേലഞ്ചിമിന്നുന്ന ഹസ്തമന്യം—
ഹസ്തമൊന്നിൽ ഗീതം; മററൊന്നിൽ കാമാഗ്നി-
യെരിയുന്ന പൂരപ്രബന്ധകാവ്യം.
എന്തു വൈരുദ്ധ്യം!—ഹാ, മാറിപ്പോ, മാറിപ്പോ
ചെന്തീവമിക്കും കൊലപ്പിശാചേ!............

Digitized By Kerala Sahitya Akademi

# അഞ്ചു്

എന്തൊരു മാററമാണയ്യോ ഞാൻ പണ്ടൊരു
ഗന്ധർവ്വബാലകനായിരുന്നു.
മഞ്ഞുമ്മവെച്ചൊരച്ചെമ്പനീർപ്പൂപോലെ
മന്ദഹസിയ്ക്കും മനസ്സുമായി,
അല്ലലെന്താണെന്നറിയാതൊരു കൊച്ചു
പുല്ലാങ്കുഴലുമെൻകയ്യിലേന്തി
മേയുവാനാടുകൾ പോകുന്ന കാടുകൾ
മേളിച്ച താഴ്വരപ്പുല്ലുകളിൽ
കണ്ണഞ്ചും പൂ ചൂടിക്കാനനവല്ലികൾ
കണ്ണാടി നോക്കുന്നൊരാററുവക്കിൽ,
ഉച്ചവെയിലരിച്ചൂന്നിറങ്ങാത്തൊര-
പ്പച്ചമരങ്ങൾതൻ പൂന്തണലിൽ,
സ്വർഗ്ഗമാണീലോകമെന്നമട്ടെപ്പൊഴും
സ്വപ്നവും കണ്ടു കഴിച്ചുകൂട്ടി!

കാപട്യമെന്തെന്നറിയാതെ സർവ്വവും
കാണുന്ന മട്ടിൽ ഞാൻ വിശ്വസിച്ചു.
മാനസത്തിങ്കലിടവിടാതന്നോരോ
ഗാനം തുളുമ്പി ത്രസിച്ചിരുന്നു.
ചിത്രശലഭംപോലോരോ സുഷമയിൽ
ചിത്തം മദിച്ചു പറന്നിരുന്നു.

Digitized By Kerala Sahitya Akademi

ഉത്സുകനായിരുന്നില്ല ഞാനന്നൊട്ടു-
മുൽക്കൃഷ്ടലക്ഷ്മിയ്ക്കതിഥിയാകാൻ.

ആവശ്യമെന്നെച്ചുഴന്നിരുന്നില്ല, ഞാ-
നാഡംബരത്തിൽ മുഴുകിയില്ല.

കാലക്കുടിലിലെപ്പായ്ത്തുണ്ടി,ലന്നല്ലി-
ലോമൽക്കിനാക്കൾ കുണുങ്ങിയെത്തി

എന്നെപ്പുണർന്നു ഞാൻ കോൾമയിർക്കൊണ്ടുകൊ-
ണ്ടെന്നെയുംകൂടി മറന്നിരുന്നു.

വിത്തമില്ലുൽകൃഷ്ടവിദ്യയില്ലുജ്ജ്വല—
വിഖ്യാതിയില്ല, വിഭവമില്ല.

പാരിലുണ്ടിങ്ങൊട്ടൊരാളെന്നുപോലു,മ-
ന്നാരുമൊരാളുമറിഞ്ഞതില്ല.

ഏവമഗണ്യനായജ്ഞാതനായ്ത്തന്നെ
ജീവിച്ചിരുന്നെങ്കിലൂഴിയിൽ ഞാൻ!

ഒന്നുമില്ലാത്തവ,നൊന്നുമില്ലാത്തവൻ
മന്നിലവനാണു ഭാഗ്യശാലി!

നൊന്തിടുന്നെന്മനം മാറിപ്പോയ് കാല,മി-
ന്നെന്തു ഫലമീയനുശയത്താൽ?

ഉൽക്കൃഷ്ടലക്ഷ്മിതൻ സൽക്കാരശാലയിൽ
നില്ക്കയാണിന്നണഞ്ഞുദ്ധതൻ ഞാൻ

പേരും പെരുമയും നേടിയെൻജീവിത-
പ്പോരാട്ടമേവം വിജയമായി.

Digitized By Kerala Sahitya Akademi

ചിന്തിച്ചിരിയ്ക്കാതൊരായിരം ഭാഗ്യങ്ങൾ
ചെന്തളിർ പാകുന്നിതെൻവഴിയിൽ.
എങ്കിലു,മയ്യോ, മരവിച്ചു പോയി മൽ-
സങ്കല്പം—ഞാനൊരു യന്ത്രമായി!
സ്പന്ദിപ്പതില്ലെൻമനമിന്നകൃത്രിമ-
സൗന്ദര്യപൂജതൻ നിർവൃതിയിൽ.
ഓമൽക്കിനാക്കളിലെന്ന,ല്ലണവതി-
ല്ലീ മലർമെത്തയിൽ നിദ്രപോലും!
ചന്ദ്രികയിങ്കൽ കുളുർമ്മയി,ല്ലിന്നതൊ
മന്ദാനിലനിൽപ്പുളകമില്ല.
ഈ വട്ടമേശമേൽ സ്ഫാടികക്കുപ്പിയി-
ലാവതും ഭംഗിയിൽച്ചേർത്തിണക്കി,
കേവലമാഡംബരാത്ഥമായ് വെച്ചൊരി-
പ്പൂവണിച്ചെണ്ടിൽപ്പുതുമയില്ല.
വീറോടി യന്ത്രം വമിക്കുന്ന സംഗീത-
വീചികൾക്കൊന്നിനും ജീവനില്ല.
സ്പന്ദമി,ല്ലില്ല ചൂ,ടില്ല ചൈതന്യ,മി-
ന്നെന്തും ജഡം, ഹിമശീതക്കൂടം!
ഇത്ര നാളയ്യോ പണിപ്പെട്ടു ഞാൻ പാഞ്ഞ-
തിപ്രേതലോകത്തിലെത്തുവാനോ?
അയ്യോ, മതി, മതി, പോകട്ടെനിയ്ക്കിനി
വയ്യ, വയ്യിങ്ങിനെ വീർപ്പുമുട്ടാൻ!



Digitized By Kerala Sahitya Akademi

അന്നെൻെറ മുമ്പിൽനിന്നുത്തേജനവുമായ്
വന്നതെന്തിനു നീ മത്സുഹൃത്തേ?
സ്വപ്നവിഹാരിയാണെങ്കിലുമന്നു ഞാൻ
സ്വച്ഛാർദ്രമാനസനായിരുന്നു.
നിത്യപരാജിതനാകിലുമന്നെന്നിൽ
നിഷ്കളങ്കത്വം നിറഞ്ഞുനിന്നു.
നീയന്നു നല്കിയ പോച്ചട്ടയുമിട്ടു
പായുകമൂലം പുരോഗതിയെ
ഏവം പുണരാൻ കഴിഞ്ഞുവെന്നാകിലും
ജീവിതമിന്നെനിയ്ക്കുഗ്രഭാരം!
ഹന്ത, ഞാനോരോരോ വഞ്ചനചെയ്തു, ചെ-
യ്യേന്തിനു ചൂടിയിപ്പൊൻകിരീടം?
സത്യത്തിൽനിന്നുമകന്നകന്നെന്തിനു
പൊത്തിപ്പിടിച്ചതീപ്പുഷ്പതല്പം?

ജീവിതവീഥിയിൽച്ചിന്തിയാതാവിധം
നീ വന്നുചേർന്നിരുന്നില്ലയെങ്കിൽ,
ഹാ, പിശാചായി ഞാൻ മാറാതിരുന്നേനേ
പാപത്തെപ്പേടിച്ചു മേവിയേനേ!
കാടും മലകളും, കുന്നും പുഴകളും
കാണിച്ച ലോകത്തിൽത്തൃപ്തനായി,
ശത്രുക്കളില്ലാതെ, ശത്രുവായ്ത്തീരാതെ
നിത്യശാന്തിക്കു വിധേയനായി,

Digitized By Kerala Sahitya Akademi

ആരുമറിയാതെ ജീവിതനാടക-
മാടി,യണിയറ പൂകിയേനേ!

നാണയത്തുട്ടെടുത്തമ്മാനമാടുന്ന-
താണുപോലുൽക്കർഷമാനദണ്ഡം!

ലജ്ജിപ്പൂ ഭൗതികോൽക്കർഷമേ, നിന്മുന്നിൽ
മജ്ജീവിതാർപ്പണം ചെയ്കയാൽ ഞാൻ.
മർത്ത്യം പകർന്നു പകർന്നു തന്നെന്നെ നീ
മത്തു പിടിപ്പിക്കയല്ലി മേന്മേൽ?
തുപ്പുന്നു ഞാനിന്നു നിൻമുഖത്തുഗ്ര-
ദർപ്പമുൾക്കൊള്ളും കൊലപ്പിശാചേ.
കാന്തികലർന്ന മൽസ്വപ്നങ്ങളൊന്നോടെ
മാന്തിപ്പൊളിച്ച ഭയങ്കരി നീ!
മോഹിനീവേഷത്തിലാറാത്തൊരാ രക്ത-
ദാഹമാർന്നെത്തിടും സിംഹിക നീ!
കാർമുകിലൊത്ത നിൻകുന്തലിൽ ചീറുന്ന
കാളസർപ്പങ്ങളൊളിച്ചിരിപ്പൂ!
ഉഗ്രദംഷ്ട്രങ്ങൾ മറച്ചു നീ വർഷിപ്പി-
തുൽഫുല്ലസുന്ദരസുസ്മിതങ്ങൾ!
പോക നീ, പോക നീ, ക്രൂരപ്പിശാചികേ,
പോരേ കുടിച്ചതെൻജീവരക്തം?

Digitized By Kerala Sahitya Akademi

# ആര്

മുള്ളുമുരക്കിൽപ്പടർന്നിടും തൈമുല്ല-
വല്ലരിതൻ കഥയെന്തു ചൊല്ലാൻ?

വിണ്ണിലെത്താരകുമാരികൾ മാത്രമാ-
ക്കണ്ണീർക്കണങ്ങൾക്കു സാക്ഷി നില്പൂ,
നിർദ്ദയചിത്തമേ, ലജ്ജയില്ലേ നിന-
ക്കെത്തിനോക്കാറാത്തപോവനത്തിൽ?

നോവല്ല, വേവാണിതമ്മൂഢചിത്തത്തി-
നീവിധിയീശൻ വിധിച്ചതെന്തേ?

നിർദ്ദയൻതന്നെയോ ദൈവവും? സദ്ഗുണ-
മത്തലിൻ മറ്റൊരു നാമമാണോ?
പുഞ്ചിരിപ്പൂക്കളും രോമഹർഷങ്ങളും
വഞ്ചനയ്ക്കുള്ള സമ്മാനമാണോ?

എന്തിനല്ലെങ്കിലാപ്പൂനിലാക്കാലതി-
ച്ചെന്തീയിലോട്ട ചേർന്നൊട്ടിനിന്നൂ?

പൊള്ളണം, പൊള്ളണം, നിൻവിധിയാണു; ഞാ-
നള്ളിയള്ളിപ്പിടിക്കട്ടെ നിന്നെ!........

Digitized By Kerala Sahitya Akademi

## ഏഴ്

പാതിരയോളം പണിത്തിരക്കിൽപ്പെട്ടു
പാരം തളൎന്നു തളൎന്നൊടുവിൽ
താനേ ലയിച്ചുപോയ് ഗാഢസുഷുപ്തിയിൽ
ചേണഞ്ചിടുമീ മഹാനഗരം *
എത്രയോ തീവ്രമായ് സ്പന്ദിച്ചിരുന്നതാ-
ണിത്രയും നേരമിതിൻ ഹൃദന്തം.
വിസ്മയമാണോൎക്കിലിത്ര പെട്ടെന്നിതിൻ
വിക്രമഗൎവ്വങ്ങളെങ്ങു പോയി?

കണ്ണീർപൊഴിച്ചിതിൻ കോണിലൊന്നിൽ
നിന്നിദ്രനായിതാ ഞാനിരിപ്പൂ!                (സ്വയം
ഞാനുമുറങ്ങും — തളൎന്നു തളൎന്നേവം
താനേയെൻകണ്ണുമടഞ്ഞുപോകും.
എല്ലാമൊടുവി,ലിതാ,ണീയുറക്കമാ-
ണില്ലീ നിയമത്തിനില്ല ഭേദം.
വീണടിയേണമൊരിക്കലതിങ്കലീ-
ക്കാണുന്ന സൎവ്വചരാചരവും!
ആദിമദ്ധ്യാന്തമററുള്ളോരതിലന്ന-
ഞ്ഞാദിത്യൻപോലും പൊലിഞ്ഞുപോകും.
ഞാനാ,രൊരു വെറും പുൽക്കൊടി,യെന്നഭി-
മാനഗൎവ്വത്തിനെന്തൎത്ഥമാവോ!

---

* മദിരാശി—ഞാൻ അവിടെ താമസിക്കുന്ന കാലത്താണു് ഈ കൃതി ആദ്യമായി എഴുതിയിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

നില്ക്കുന്നു ദൂരേച്ചിരിച്ചുകൊണ്ടങ്ങതാ
നിത്യപ്രദീപ്തനഭശ്ചരങ്ങൾ!
ശബ്ദായുതങ്ങളായ്ക്കാണ്മവരാണവർ
മർത്ത്യപ്പുഴക്കൾതൻ മത്സരങ്ങൾ.
ഇന്നുമതിനില്ല മാററം,മാ മത്സരം-
തന്നെയാണിന്നും ജഗത്തിലെങ്ങും.
വ്യക്തിയിൽനിന്നും കിളൎന്നു, കുടുംബത്തി-
ലെത്തി,പ്പതുക്കെപ്പടൎന്നുകേറി,
പിന്നെസ്സമുദായം പ്രാപിച്ചു രാഷ്ട്രത്തി-
ലൊന്നോടണഞ്ഞെരിഞ്ഞാളിയാളി,
ഇദ്ധരാചക്രം മുഴുവനും വ്യാപിപ്പി-
തിദ്ധപ്രഭാവോഗ്രയുദ്ധവഹ്നി!

ശക്തിതൻ ലക്ഷ്യമൊരിക്കലും വററാത്ത
രക്തപ്പുഴകളാണെന്നിരിക്കിൽ,
മക്കടം ഭേദം; അതിങ്കൽനിന്നുള്ളൊരീ
മർത്ത്യപ്രയാണമിന്നെങ്ങു ചെല്ലും?
അയ്യോ, മതി, മതി; വേണ്ടിപ്പുരോഗതി;
വയ്യ വയ്യിക്കൊടുംരക്തപാനം.
പിന്നോട്ടു പോയ് നാമിരുകാൽപ്പശുവായി
നിന്നാക്കിരാതനിൽ വിശ്രമിക്കാം.
രന്നോടെ തീവെച്ചെരിക്കണമാദ്യമായ്
മന്നിതിൽ വിദ്യാലയങ്ങളെല്ലാം.

Digitized By Kerala Sahitya Akademi

ഇന്ധനമാക്കാം നമുക്കഗ്നികുണ്ഡത്തിൽ
ഗ്രന്ഥങ്ങളീ മന്നിലുള്ളതെല്ലാം.
സംഗീതസാഹിത്യശാസ്ത്രാദിഗ്രന്ഥങ്ങൾ
സർവ്വവുമൊന്നോടെ സംഹരിക്കാം.
മന്നിതിലയ്യോ മനുഷ്യൻ മനുഷ്യനെ–
ത്തിന്നേണമെങ്കിലിതൊക്കെ വേണോ?
ഏകമഹാഗ്നേയപിണ്ഡപാതത്തിലീ
ലോകമൊന്നോടെ നശിച്ചിതെങ്കിൽ!
വേണ്ട പരീക്ഷണം, വേണ്ട ഗവേഷണം,
വേണ്ട വിജ്ഞാനം പുരോഗമനം;
ആഴിയ്ക്കടിയിൽ നമുക്കെത്തി നീന്തിടേ,–
ണ്ടാകാശത്തിങ്കൽ പറന്നിടേണ്ട.
എന്തിനു?—നന്നല്ലോ?—നാശത്തിനാണു, പി–
ന്നെന്തുകൊണ്ടൊന്നായ് നശിച്ചുകൂടാ?

## എട്ട്

പാടും പിശാചിനെപ്പൂമാല ചാർത്തുന്ന
മൂഢപ്രപഞ്ചമേ, സാദരം നീ
"ഗന്ധർവ്വൻ, ഗന്ധർവ്വൻ"—കീർത്തിയ്ക്കയാണു,–
ന്നന്ധതയ്ക്കിന്നുമറുതിയില്ലേ?

Digitized By Kerala Sahitya Akademi

എന്മുഖത്തേയ്ക്കൊന്നു സൂക്ഷിച്ചു നോക്കിട്ടു,-
കെന്നെക്കുറിച്ചു നീയെന്തറിഞ്ഞു?
കണ്ടോ വളഞ്ഞുകൂർത്തുള്ളൊരിദ്ദംഷ്ട്രകൾ?
കണ്ടോ നീ കണ്ണിലെത്തീപ്പൊരികൾ?
രക്തം കുടിച്ചു മദിച്ചു പുളയ്ക്കുമീ-
യത്യന്തരൂക്ഷമാം നാക്കു നോക്കു!
ഞാനാണോ ഗന്ധർവ്വൻ?—സൂക്ഷിച്ചു നോക്കു,കീ
ഞാനൊരത്യുഗ്രവേതാളമല്ലേ?

പാടി ഞാൻ നിന്നെയുറക്കു,മെന്നിട്ടു, നിൻ
ചൂടുള്ള രക്തമൂററിക്കുടിയ്ക്കും!
ആദ്യം ചിരിയ്ക്കും, തലോടു;-മനന്തരം
കുത്തി നഖംകൊണ്ടു പയ്യെ നുള്ളും.
കണ്ണു നീ ഞെട്ടും, നയത്തിൽച്ചിരിച്ചു ഞാൻ
പിന്നെയും പുല്കു,മിടയ്ക്കു നുള്ളും;
അമ്പിൽ ഞാൻ സ്നേഹം നടിയ്ക്കും, ചിരിച്ചിടും,
ചുംബിയ്ക്കു,മപ്പൊഴും പയ്യെ നുള്ളും.
അങ്ങിനെ,യങ്ങിനെ, നുള്ളി, നുള്ളി,പ്പെട്ടെ-
ന്നങ്ങട്ടഹാസത്തോടേററു തുള്ളി,
തല്ലി, നഖങ്ങളത്യുഗ്രമായൊന്നോടെ
തള്ളി, നിൻപള്ള പൊളിച്ചു ചീന്തും!
കാലും കരങ്ങളും തല്ലിപ്പിടച്ചു നീ
കാതരമായിക്കരഞ്ഞിടുമ്പോൾ,

Digitized By Kerala Sahitya Akademi

ചുട്ട രക്തം കോരിക്കോരിക്കുടിച്ചിടും,
പൊട്ടിച്ചിരിച്ചുമലറിയും ഞാൻ!
എന്നിട്ടു നിൻകുടർമാലയും ചാർത്തി, ഞാൻ
നിന്നു, നിൻചുററുമായ് നൃത്തമാടും!
കന്നു നോക്കീടുകിനിയുമെൻനേർക്കു നീ,-
യെന്നെ നിനക്കു മനസ്സിലായോ?
കാട്ടിക്കോ ജീവനിലാശയുണ്ടെങ്കിൽ, നീ-
യോടിക്കോ—ഗന്ധർവ്വനല്ല മുന്നിൽ!!........

## ഒമ്പത്

ആരാലെൻജീവിതവീഥിയിൽ നില്പവ-
ളാരു നീ,യാരു നീയുജ്ജ്വലാംഗി?
സ്നേഹസ്വരൂപിണി നീ വന്നതെന്തിനി-
സ്സാഹസികോഗ്രന്റെ സന്നിധിയിൽ?
തത്തിക്കളിപ്പൂ പരിവേഷരശ്മിക-
ളുത്തമേ, നിന്മുഖത്തിന്നു ചുററും!
എന്തിനെനിക്കയ്യോ, കാഴ്ചവെയ്ക്കുന്നതീ-
ച്ചെന്താരിനൊത്ത നിന്മാനസം നീ?
കാല്യ ഞാൻ പൊക്കിച്ചവിട്ടിഞെരിക്കുകി-
ല്ലീലോലപുഷ്പമെന്നാരു കണ്ടു?

Digitized By Kerala Sahitya Akademi

പുഞ്ചിരിക്കൊണ്ടു നീ നില്പിതോ മുന്നി,ലെൻ
നെഞ്ചിടിപ്പിന്നേവമുക്കക്കൂട്ടി?

ഉണ്ടെനിക്കഗ്രനഖങ്ങളതേറെറ്റ്ര
ചെണ്ടുകൾ വാടിക്കരിഞ്ഞുപോയി?
എന്നിട്ടുമാ മനഃസൂനമെനിക്കു നീ
തന്നിടുന്നോ കനിഞ്ഞോമനിക്കാൻ?
പൊള്ളിക്കയാണു നിൻവിശ്വാസമെന്നെ, ഞാ-
നുള്ളലിഞ്ഞയ്യോ ലയിപ്പൂ നിന്നിൽ!

സ്നേഹമെന്താണെന്നറിഞ്ഞിരുന്നില്ല ഞാൻ
മോഹനേ, നീ മുന്നിലെത്തുവോളം.
സ്നേഹിക്കുവാനായ്പ്പഠിപ്പിച്ചു നീ, നിൻെറ
സാഹചര്യത്താൽ പിശാചിനേയും.
പാടും പിശാചിനെ പ്രാണനായ്പ്പൂജിപ്പൂ
പാവനസ്നേഹാർദ്രദേവതകൾ!

മിത്ഥ്യാഭ്രമത്തിനധീനനായ്ക്കേവലം
മിത്രയും നാൾ ഞാനഹങ്കരിച്ചു.
ഇന്നെന്നിലേയ്ക്കുന്നെ നോക്കിക്കയാണു നീ
നിന്നുജ്ജ്വലസ്നേഹദീപ്തിയിങ്കൽ.
ലജ്ജിപ്പിതിന്നു ഞാ,നെന്നിലും ക്ഷുദ്രമാ-
യിജ്ജഗത്തിങ്കലില്ലന്യകീടം!
ലോകത്തെയൊട്ടുക്കു തെററിദ്ധരിപ്പിച്ചു
ഹാ, കഷ്ട,മെൻഗാനധാരയാൽ ഞാൻ!

Digitized By Kerala Sahitya Akademi

ലോകോത്തരങ്ങളാമാദർശരശ്മികൾ
പാകി ഞാനെന്റെ പാഴ്പ്പാട്ടുകളിൽ.
എന്നിട്ടിരുട്ടിൽ മദിച്ചു പുളച്ചു ഞാൻ
മന്നിൽ മൃഗത്തിലും നീചമായി.
ഭാവസാന്ദ്രങ്ങളെൻഗാനങ്ങളിലെന്നെ
ദേവനായ്ക്കാണുകയാണു ലോകം.
ഞാനോ വെറും പിശാ,ചില്ലല്പമെങ്കിലും
മാനവത്വത്തിൻ മഹത്വമെന്നിൽ!
"ഹാ, വിഷാദാത്മകൻ, ശാന്തൻ, വിനീതാദ്ര്‌-
ഭാവൻ"—പലരും പറഞ്ഞിതെന്നെ.
കണ്ണുകുടിക്കിടന്നീടുകയാണഭി-
നന്ദനാലേഖ്യങ്ങളെന്റെ മുമ്പിൽ.
അയ്യോ മടുത്തു, മടുത്തു!—വഞ്ചിക്കുവാൻ
വയ്യെനി,ക്കീ മേന്മ വേണ്ട മേലിൽ.
എൻചിറകിന്നലെനിക്കെന്റെയല്ലാത്ത
പൊൻതൂവലൊന്നുമാവശ്യമില്ല!

പാട്ടിൽക്കരഞ്ഞ ഞാൻ, ജീവിതപ്പൂമര-
ച്ചോട്ടിലിരുന്നു പൊട്ടിച്ചിരിച്ചു.
നിസ്തുലഭോഗവിലാസലഹരിയിൽ
നിത്യമിന്നോളവും മത്തടിച്ചു.
പാടി ഞാൻ നിർമ്മലപ്രേമം മധുരമായ്;
തേടി നിർല്ലജ്ജമക്കാമവും ഞാൻ.

Digitized By Kerala Sahitya Akademi

ആദർശശാലി ഞാ,നാദർശശാലി ഞാ-
നോതുന്നിതന്ധരാരാധകന്മാർ!
വസ്തുസ്ഥിതികൾ മറച്ചുവെച്ചുള്ളതാ-
മിസ്തുതിഗീതങ്ങളാർക്കു വേണം?
പങ്കിലൻ ഞാൻ സ്വയം വഞ്ചിച്ചു നേടിയ
തങ്കക്കിരീടം തെറിച്ചുപോണം!
വന്ദിച്ചിടേണ്ടെന്നെയാരും, യശസ്സിൻെറ
ചന്ദ്രികച്ചാറുമെനിക്കു വേണ്ടാ.
ഉള്ളുപൊട്ടിക്കണ്ണുനീർ പെയ്തൊട്ടങ്ങണം
തള്ളിവിണ്ണേറിയ കാളമേഘം.
തൂമവഴിഞ്ഞതവതരിപ്പിക്കുന്നൊ-
രാ മഴവില്ലും മറഞ്ഞുപോണം!

എന്നേകമോഹമിതാണിന്നു ശേഷിപ്പ,-
തൊന്നായ് വെറുക്കണം ലോകമെന്നെ!
വേണ്ടെനിക്കാരും, ജഗത്തിലെന്നെക്കൂടി
വേണ്ടെനി,ക്കെല്ലാമകന്നിടട്ടെ!
മജ്ജഡംപോലുമെടുത്തു ചിതാഗ്നിയിൽ
സംസ്കരിച്ചീടുവാനാളു വേണ്ടാ.
ചത്തടിഞ്ഞാൽ ഞാൻ, സഹോദരസ്നേഹമാ-
ന്നൊത്തും കഴുകുകളെന്നരികിൽ.
നിശ്ചയിക്കാൻ മേ,ലവജ്ഞതോന്നാമെന്നോ-
ടത്രയ്ക്കുമേലന്നവയ്ക്കുപോലും!

Digitized By Kerala Sahitya Akademi

രക്തബന്ധംപെട്ടം മിത്രങ്ങളോള,മറ്റു–
ക്കുട്ടിയെന്നാലവയ്ക്കില്ലതന്നെ!
സ്വന്തം സഹോദരനോടില്ല കരുണയും
നന്ദിയുമുണ്ടാ കഴുകുകളിൽ!
കൊത്തുമെന്നാലും മരിച്ചിട്ടുമാത്രമേ
കൊത്താനവ വന്നു കൊക്കു നീട്ടൂ!

രാഗപരവശ, മജ്ജീവിതത്തിൽ നീ–
യാഗമിച്ചില്ലായിരുന്നുവെങ്കിൽ,
കാണാതെയെൻകണ്ണടഞ്ഞേനെയെന്നി,ലീ
വീണവായിക്കും പിശാചിനെ ഞാൻ!
എന്നെ നീ കാണിച്ചുതന്നു, നിൻപ്രേമത്തിൻ
മിന്നിജ്ജ്വലിക്കുമപ്പൊന്നൊളിയിൽ.
ഇന്നോളം വഞ്ചിച്ചു ലോകത്തെയൊന്നായ് ഞാൻ
മുന്നിൽ നീയെത്തി, ഞാനാളു മാറി.
താനേ കുനിഞ്ഞുപോകുന്നു നിൻമുന്നിലെ–
ന്നാനനം.—ശക്തിസ്വരൂപിണി നീ!
ഇത്രയും നാളെൻവിജയം പരാജയ;–
മിത്തോൽവിയാണെൻജയാഭിഷേകം.
നീയടുക്കുംതോറുമെന്നിൽനിന്നങ്ങനെ
പായുകയാണപ്പിശാചു ദൂരെ.
വീണവായിക്കുമഗ്ഗന്ധർവ്വനെത്തന്നെ
കാണും നീയെന്നിൽ മരിക്കുവോളം!

Digitized By Kerala Sahitya Akademi

വേണ്ടെനിക്കൽകഷ്ടം, പോവുകയാണു ഞാൻ
വീണ്ടുമെന്നാദർശമേഖലയിൽ,
സൌന്ദര്യകാന്തിയിൽ മുങ്ങിസ്സുരഭില-
സ്വപ്നങ്ങൾ പൂത്തമാ നല്ല നാട്ടിൽ.

കിന്നരനായിജ്ജനിച്ചവനാണു ഞാ,-
നെന്നെപ്പിശാചാക്കി മാറ്റി കാലം.
അന്നതിനുള്ളോരുപാധി,യെൻചാരത്തു
നിന്നൊരെൻ സ്നേഹിതനായിരുന്നു.
കിന്നരനാകാൻ തുനിയുകയാണിതാ,
പിന്നെയുമെന്നെയെടുത്തു കാലം.
നീതയായ് മാമകജീവിതപന്ഥാവിൽ
നീയതിനിന്നൊരുപാധിയായി.
എന്നാൽപ്പണ്ടത്തെ സ്വാതന്ത്ര്യവായുക്കള-
ല്ലിന്നു പുല്കുന്നതെന്നന്തരീക്ഷം.
ഭീതനല്ലെങ്കിലും ഞാനിന്നിതാ, മർത്ത്യ-
നീതിതൻ മുന്നിൽത്തടവുകാരൻ!
ചങ്ങലയ്ക്കെന്നാൽ മുഴപ്പി;-ല്ലിരുമ്പല്ല,
സംഗീതമാണതിൻ കണ്ണിയെല്ലാം.
പ്രാണനിലാണീ വില,ങ്ങിതു പൊട്ടിക്കാൻ
ത്രാണിയി,ല്ലെന്നല്ല പൊട്ടുകില്ല.
പോരെങ്കിൽ താക്കോലുമെൻകയ്യിലാണു, ഞാൻ
പോവതെ,ങ്ങില്ല, ഞാൻ പോവുകില്ല.

Digitized By Kerala Sahitya Akademi

ഞാനിത്തടവിലിരുന്നുകൊണ്ടങ്ങനെ
മാനസംകൊണ്ടു സ്വതന്ത്രനാകും.

കിന്നരൻ, ഹാ, ഞാൻ മരിപ്പോളവും നിന്നെ
വർണ്ണിച്ചു വർണ്ണിച്ചു പാട്ടു പാടും.
സ്നേഹത്തിനായി ഞാൻ സ്നേഹിച്ചു നിന്നെ, ഞാൻ
മോഹിപ്പതില്ലതിൻ മീതെയൊന്നും.

എല്ലാരുമുണ്ടെനി,ക്കാരുമി,ല്ലേവം ഞാ-
നെല്ലാരിലുംനിന്നകന്നു നില്ക്കും.

സ്വപ്നങ്ങൾ സർവ്വവും ഭാവനാമോഹന-
സ്വപ്നങ്ങൾ ഹേമാങ്കിതോജ്ജ്വലങ്ങൾ!

സ്വപ്നങ്ങളാണു സുഖം, മനംപൊള്ളിക്കു-
മിപ്രപഞ്ചത്തിലേ വാസ്തവങ്ങൾ.

മിത്ഥ്യകളാണോക്കിൽ സർവ്വയാഥാർത്ഥ്യവും;
സ്വപ്നങ്ങൾമാത്രമേ സത്യമുള്ളു.

വ്യർത്ഥമാം ഭൗതികോൽക്കർഷമേ, ഞാനെൻെറ
സ്വപ്നലോകത്തേയ്ക്കുതന്നെ പോട്ടെ!
ഞാനെൻെറ ദേവിയെ ധ്യാനിച്ചു പൂജിച്ചു
ഗാനാത്മകനായ്ക്കഴിഞ്ഞിടട്ടെ!

പൊന്നിൻചിറകാഞ്ഞടിച്ചടിച്ചെന്നുന്നിൽ
വന്നിടുകെൻപ്രിയസ്വപ്നങ്ങളേ!........

Digitized By Kerala Sahitya Akademi

## പത്തു്

ഭദ്രേ, വെറുമൊരു ദുസ്വപ്നംപോലെയീ
ക്ഷുദ്രകീടത്തെ നീ വിസ്മരിക്കൂ!
നോവിച്ചു നിർദ്ദയമിത്രയും കാലമീ-
പ്പൂവുപോലുള്ള നിൻമാനസം ഞാൻ.
ഇത്രസ്സൗഖ്യകം സുഗന്ധവുമൊത്തെഴും
ചിത്തം നിനക്കല്ലാതാർക്കു കിട്ടും?
എന്നിട്ടും ഞാനതിൽ സൗന്ദര്യം കണ്ടിട്ടും,
വന്നില്ലെടുത്തതന്നോമനിക്കാൻ;
എന്നല്ല, ഞാനതിൻ പിഞ്ചിതളോരോന്നു-
മെൻനഖാഗ്രത്താൽ മുറിപ്പെടുത്തി!
ദുഃഖം സഹിക്കവാനാകാതെ നിങ്കരൾ
പൊട്ടി, നീ തേങ്ങിക്കരഞ്ഞീടുമ്പോൾ,
ക്രൂരേ ഞാനോരോരോ തങ്കക്കിനാക്കളെ
വാരിപ്പുണരുകയായിരുന്നു;
ചേലിൽ നവനവോല്ലാസപുഷ്പങ്ങളിൽ
മൂളിപ്പറക്കുകയായിരുന്നു.
നീയതറിഞ്ഞിട്ടും നിന്മനമത്രമേൽ
നീറിപ്പുകഞ്ഞിട്ടുമെന്നരികിൽ,
നിന്നെ സ്വയം ഞാൻ പിരിഞ്ഞുപോകുംവരെ
നിന്നതെന്തിട്ടു നീ നിഷ്കളങ്കേ?

Digitized By Kerala Sahitya Akademi

പ്രേമസാന്ദ്രങ്ങളാമാ നിൻ സ്വപ്നങ്ങൾ
കോൾമയിർക്കൊള്ളിപ്പതായിരുന്നു.
എന്നാലതിനൊരു നന്ദിവാക്കെങ്കിലും
ചൊന്നതായോർപ്പീലൊരിയ്ക്കലും ഞാൻ.
എന്നല്ല, കേവലം നിസ്സാരഭാവത്തിൽ
നിന്ദിച്ചതൊക്കെ ഞാൻ ധിക്കരിച്ചു!
ആ മുഖത്തെന്നിട്ടും കണ്ടീല ഞാനൊരു
കാർമുകിൽത്തൻ നിഴല്പാടുപോലും!
അത്ഭുത,മിപ്പിഞ്ചുഹൃത്തിലെമ്മട്ടിലൊ-
രഗ്നിശൈലം നീയടക്കിനിർത്തി?

മാൻപേടയെപ്പോലൊതുക്കവുമുള്ളിൽ
മാന്തളിർപോലുള്ള മാർദ്ദവവും
മിന്നിസ്സുരിക്കും കുലീനതാദീപ്തിയു-
മൊന്നിച്ചിണങ്ങി ലസിച്ച നിന്നെ,
ഹാ, കഷ്ട,മെന്തുകൊണ്ടെന്തിനായേവമീ-
ശ്ശോകഗർത്തത്തിലടിച്ചു വീഴ്ത്തി?
ആ മുഖം കണ്ടാൽ മൃഗീയമായീവിധ-
മാചരിച്ചീടുവാനാർക്കു തോന്നും?
ദുഷ്ടനാണയ്യോ, പിശാചാണു ഞാ,നെന്നെ
വിട്ടകന്നീടുകെൻദേവതേ, നീ!

ആതുരേ, നിന്നടുത്തെത്തി നിന്നൂററവ-
രോതാം പഴികൾ പലതുമെന്നെ.



Digitized By Kerala Sahitya Akademi

വേതാളമാണു ഞാൻ, ദേവകളാണവ;-
രോതുന്നതൊക്കെയും സത്യമാകാം.
ചൊല്ലിയിട്ടില്ലല്ലോ നിന്നോടിന്നോളവും
നല്ലവനാണെന്നൊരിക്കലും ഞാൻ.
മന്നിന്റെ കണ്ണിൽപ്പൊടിയിട്ടു മായിക-
സ്വർണ്ണരേണുക്കളെടുത്തു പൂശി
എന്നിൽനിന്നാമട്ടകന്നു, ഞാനല്ലാതൊ-
രെന്നെ ഞാൻ കാണിച്ചിട്ടെന്തു കാര്യം?
ഇല്ലെനിക്കാഗ്രഹം ലോകപ്രശംസതൻ
മുല്ലപ്പൂമാലയും ചാർത്തിനില്ക്കാൻ!—
ഇന്നതിനുണ്ടായിരിക്കാം കുളുർമ്മയും
വെണ്മയും ശ്രീയും സുഗന്ധവായ്പും;
മായികമാണവയൊക്കെയുമൊന്നുപോൽ
മായു,മൊട്ടുവിൽ വിളർത്തു വാടും;
നാളേയ്ക്കു ചീഞ്ഞതു നാറു,മുടൻതന്നെ
നാമതെടുത്തു വലിച്ചെറിയും.
എന്തിന്നു കേവലമൊററ ദിനത്തിലേ-
യ്ക്കെന്തിനു പിന്നെയാസ്വപ്നഭാഗ്യം?
അല്പമനങ്ങിയാലാകെത്തളർന്നുപോം
വെള്ളമസൗധമതാക്കുവേണം?
ആവശ്യമില്ലെനിക്കന്യനിൽനിന്നെന്റെ
ത്തുവലിൽ ചായപ്പണികളൊന്നും.

Digitized By Kerala Sahitya Akademi

കണ്ണടച്ചേകാന്തയോഗിപോൽ പാടത്തു
ചെന്നിരിക്കുന്ന വെൺകൊററിയെക്കാൾ,
കാടും മലകളും വർണ്ണിച്ചുപാടുന്ന
കാർകുയിലാണെനിക്കേറെയിഷ്ടം.

വേദനാപൂർണ്ണമാമെൻമൊഴി കേവലം
വേതാളവേദാന്തമായിരിക്കാം.
പങ്കിലാഢ്യത്തിൻ പുകപ്പടപ്പായിടാ-
മെങ്കിലു,മെൻമതമാണിതാര്യേ!

എന്മനം നോവുന്നിതെന്തിനോ, ഹാ, കഷ്ട-
മൊന്നോർത്താലന്യന്മാരാണു ഭേദം!
ഉററവരെപ്പോലൊരുള്ളലിവില്ലാത്തൊ-
രുഗ്രസർപ്പങ്ങൾ മററില്ലുലകിൽ.
ഒന്നെങ്ങാൻ കേറിച്ചവിട്ടിടാതങ്ങോട്ടു
ചെന്നു കടിയ്ക്കാറില്ലന്യസർപ്പം.
എങ്ങാ,നഥവാ, കടിയ്ക്കുകിൽപ്പോലു,മ-
ംന്താന്നു കടിച്ചിട്ടിഴഞ്ഞുമാറും.
ഉററവരാകട്ടെ, മാറാതെ കാലിന്മേൽ
ചുററിപ്പിണഞ്ഞു കടിച്ചു കീറും!
ചത്തടിഞ്ഞാലുമപ്പട്ടടച്ചാരവും
പത്തിവിടർത്തിച്ചികഞ്ഞു കൊത്തും!
മിത്രങ്ങൾ, മിത്രങ്ങൾ, പാഷാണപാത്രങ്ങൾ—
മിത്ഥ്യാഭ്രമങ്ങൾക്കധീനനായ് ഞാൻ!!

Digitized By Kerala Sahitya Akademi

ശപ്തശാസ്ത്രീയഗവേഷണമേ, നിന്റെ
സിദ്ധൗഷധങ്ങൾതൻ സിദ്ധിയാൽ നീ
കെട്ടിപ്പിടിച്ചിരുന്നോരക്ഷണ്ഡിയെ-
ത്തട്ടിയെടുത്തു കളഞ്ഞതിനാൽ
ഒററതിരിഞ്ഞോരസൂയയസ്ഥിതാ, വീർപ്പു-
മുട്ടുന്നു, കൈകാൽ പിറച്ചിടുന്നു.
തെല്ലൊരുപശാന്തിയൊന്നതിനുംകൂടി
വല്ലതും കണ്ടുപിടിക്കുമോ നീ?

ദേവനായ്ത്തെററിദ്ധരിച്ച പിശാചിനെ-
ജ്ജീവേശനായ് വേട്ടു, ദേവതേ, നീ!
അപ്സരസ്സെത്തിപ്പിശാചുമായ്ച്ചേരുന്നൊ-
രത്ഭുതരംഗമാണിപ്രപഞ്ചം!
യക്ഷികളോടൊത്തു ദേവന്മാർ കൂടുന്ന
ശിക്ഷാനികേതമാണിപ്രപഞ്ചം!

ക്ഷുത്തടങ്ങാ,തെത്രകാല,മാ മാന്തോലിൽ
ക്ഷുദ്രമാം ചെന്നായടങ്ങിനില്ക്കും?
കണ്ടില്ലതിൻ മുനകൂത്ത നഖങ്ങൾ നീ
ചെണ്ടുകൾകൊണ്ടു പൊതിഞ്ഞതിനാൽ!
ഇന്നവയിങ്കൽനിന്നിററിററു വീഴുന്നു
ചെന്നിണത്തുള്ളികൾ നിന്റെ മുമ്പിൽ!
ഉൾക്കിതപ്പോടുഴന്നോടിയൊളിയ്ക്കുന്നി-
തക്കാഴ്ച കണ്ടു നീ,യപ്സരസ്സേ!

Digitized By Kerala Sahitya Akademi

വീർപ്പിട്ടു നില്പൂ നീ—യെങ്കിലും, നിന്നോടു
മാപ്പുചോദിയ്ക്കില്ലൊരിയ്ക്കലും ഞാൻ.
അത്രയ്ക്കുപോലും മഹിമയ്ക്കിടമെൻറ
ചിത്തത്തിലില്ല—ഞാനെന്തു ചെയ്യും?
മുല്ലമൊട്ടേ, നീ, മുറിപ്പെടാനെന്തിനീ-
ക്കള്ളിമുള്ളിന്മേലടന്നു വീണു?
അത്യസഹ്യമാമത്തലാൽ നീ പെയ്യു-
മശ്രുവർഷത്തിലെൻകൈ കഴുകി,
അക്കയ്യിൽ മദ്യചഷകവുമേന്തി നി-
ന്നത്ഭുതനൃത്തം നടത്തുവോൻ ഞാൻ!

തീയാണു ഞാ,നെന്നെ പൊള്ളും നിനക്കു, നീ
തീരാത്തൊരാധിയ്ക്കധീനയായി.
പോരേ നിനക്കെരിഞ്ഞെന്നിലുൾച്ചേർന്നിനി-
ച്ചാരമാകേണമോ പുഷ്പമാലേ?
വേണ്ട, നീ പോയ്ക്കൊൾക, പോയ്ക്കൊൾക, സം
താണ്ഡവമാടി ഞാൻ കെട്ടടങ്ങാം.  (ഞാന-
അന്ത്യോദകക്രിയയ്ക്കാ നിൻ പവിത്രമാം
കണ്ണീരുമായി നീ വന്നുകൊള്ളൂ!!...........

# പതിനൊന്നു്

ഏകാന്തതയുമിരുട്ടും, ചിരിയ്ക്കുന്ന
ലോകമേ, നീയെനിയ്ക്കായൊരുക്കി
ഉഗ്രപ്രതീകാരമാണു നീ ചെയ്യുതെ,-
ന്നാൾപ്രീതിയുണ്ടു നിനക്കു; പക്ഷേ,
കാണുമ്പൊഴെന്നെ, നീ നല്ലുമേകാന്തത
വീണയായിത്തീരുമെൻെറ മുമ്പിൽ.
മർത്ത്യസാന്നിദ്ധ്യമാണാത്മാവു പൊള്ളിപ്പു,-
തല്പവുമില്ലതിൽ ശീതളത്വം.
ഇല്ലതിനേകുവാനൊന്നും, വെറും കുറെ-
പ്പൊള്ളച്ച പച്ചച്ചിരികളെന്യേ.
എന്തെങ്കിലും പിന്നൊന്നുണ്ടെങ്കിൽ, പാഷാണ-
മെന്തിനു പിന്നതിൻ സാഹചര്യം?
നല്ലതിരുട്ടാണു, കൺമുന്നിൽ കാണിയ്ക്കു-
കില്ലതന്യായതൻ രൂക്ഷതകൾ.
സ്വീകരിയ്ക്കുന്നു ഞാൻ സന്തോഷപൂർവ്വമീ-
യേകാന്തതയും കൊടുംതമസ്സും!

ഉദ്രസം തങ്കച്ചിറകടിച്ചെന്നുന്നി-
ലെത്തുന്നു, ഹാ, രണ്ടു ദേവതകൾ.
ഉജ്ജ്വലതേജോമയമായി മാറുന്നി-
തുത്ഭാവനത്തിൻ വിശാലരംഗം.

Digitized By Kerala Sahitya Akademi

സംക്രമിയ്ക്കുന്നു സനാതനമാമൊരു
സംഗീതധാരതൻ വീചികകൾ.
ചാരുവർണ്ണങ്ങളനുനിമേഷം മാറി–
മാറി, മയൂഖങ്ങളാടിയാടി
അസ്വപ്നതുല്യപ്രശാന്തിയിൽ,ക്കാന്തിയി,–
ലസ്മദാലോകനമേഖലയിൽ,
കൈകോർത്തു നിന്നവരാടുകയാണതാ
കൈവല്യദേകാന്തദേവനൃത്തം.
അംഗചലനത്തിലൈകരൂപ്യത്തൊട–
സ്സംഗീതകല്ലോലമാലകളിൽ,
പൊങ്ങിയും താണുമടുത്തുമകന്നുമൊ–
ട്ടങ്ങിങ്ങൊളിഞ്ഞുമുടൻ തെളിഞ്ഞും
ആടയുല,ഞ്ഞളകങ്ങളുതിർന്നുല–
ഞ്ഞാടി,ച്ചിലമ്പൊലിവീശി വീശി,
വിസ്മയദോജ്ജ്വലനൃത്തമതെന്തൊരു
വിസ്മൃതിയാണയ്യോ, മാഞ്ഞിതെല്ലാം!
സ്വപ്നങ്ങൾ, സ്വപ്നങ്ങൾ, ചഞ്ചലസങ്കല്പ–
സ്വപ്നങ്ങൾ—എങ്ങെൻെറ ദേവതകൾ?
ഏകാന്തതയുമിരുട്ടും—മനുഷ്യൻെറ
ലോകത്തിൽത്തന്നെയാണിപ്പൊഴും ഞാൻ!!

തണ്ടലർ പൂക്കുന്നോരിങ്ങുള്ള പൊയ്കയി–
ലുണ്ടുറയ്ക്കുന്ന നീർക്കോലികളും.

Digitized By Kerala Sahitya Akademi

ചേറും കൃമികളും കേറാതെ മഞ്ജിമ
ചേരുന്ന മാനസം മന്നിലില്ല!
പുള്ളിമാൻപേടയെപ്പുല്കി, നേത്രങ്ങളാ
സപ്ലോകഹർഷം നുകർന്നിടല്ലേ,
തള്ളിക്കയറുമിളിച്ചുകാട്ടിക്കൊണ്ടു
പള്ളവീർത്തുള്ളൊരപ്പോക്കടനേ.
പൊട്ടും പൊടിയുമങ്ങിങ്ങായ്ക്കിടപ്പതു
തട്ടിമണത്തങ്ങെടുത്തു ചപ്പി,
ഒന്നുമറിയാത്ത ഭാവത്തി,ലങ്ങനെ
വന്ന വഴിയ്ക്കതു പിന്നടങ്ങും;
എന്നിട്ടു തോഴനാം ചെന്നായിനോടതു
ചെന്നപവാദം പുലമ്പുമേവം:—

"അപ്പുള്ളിമാനത്ര നന്നല്ല—ചേററിലാ-
ണെപ്പൊഴും വാസം, ഒതുക്കമില്ല.
അക്കലമാൻ വെറും നീചനാ,ണല്പമായ്
ദുഷ്ടപദാർത്ഥങ്ങളവൻ ഭുജിക്കും!"
"ദുഷ്ടപദാർത്ഥങ്ങളോ!!"പോക്കിനെച്ചെന്നായൊ-
രത്ഭുതഭാവത്തിലുററു നോക്കും!
"സൽപദാർത്ഥംപിന്നെ!"-പോക്കചീറും, "വെറും
ദുഷ്ടപദാർത്ഥങ്ങൾ!—ഞാൻ കണ്ടതല്ലേ!"
"നീചനാണെന്നാലവൻ, ശരി" ചെന്നായ
നീരസത്തോടുടൻ തീർപ്പുമേകും.
പോക്കമച്ചെന്നായുമൊത്തു പെരുച്ചാഴി
പാക്കുന്ന പൊത്തിൽ വലിഞ്ഞുകേറും.

Digitized By Kerala Sahitya Akademi

നത്തു, മലമ്പുള്ളു, കാട്ടുമാക്കാൻ, മര-
ങ്കൊത്തി, പേപ്പട്ടി,യെലി,യണ്ണലി,
എട്ടടിമൂർഖൻ, വളവളപ്പൻ, തൊട്ടാ,-
രൊട്ടി, തേരട്ട,യോന്തെ,ട്ടുകാലി—
എന്നുവേണ്ടെല്ലാ വിഷജന്തുക്കളങ്ങിനെ-
യൊന്നിച്ചു ചേരുന്നൊരു ചർച്ചായോഗം
അപ്പൊഴത്തിൽവെച്ചു ചെന്നായിൻ വിശിഷ്ടമാ-
മദ്ധ്യക്ഷതയിൽ നിയുക്തമാകും.
സ്വാഗതംചെയ്യും പെരുച്ചാഴി, പോക്കേറു
യോഗത്തിൽ ലക്ഷ്യം വിശദമാക്കും.
ചെന്നായുപക്രമമായ് സസ്യഭോജന-
നന്മ കീർത്തിക്കും പ്രഭാഷണത്തിൽ.
പോക്ക് മാനിൻ മാംസഭോജനത്തെക്കുറി-
ച്ചുക്കോടെതിർത്തു വാഗപ്ഷമേകും.
പേപ്പട്ടി പിന്താങ്ങും, യോജിക്കും ചീങ്കണ്ണി,-
യെപ്പേരുമായതു സമ്മതിക്കും.
ചെന്നായുപസംഹരിക്കും, കൃതജ്ഞത
ചൊന്നിടും വന്നാ വളവളപ്പൻ.
ആപ്പിടുമാദ്യം മരങ്കൊത്തി, മൂന്നരു-
വാപ്പിടും ചേർന്നു മററുള്ളതെല്ലാം.
ചുണ്ടെലി"യിന്നല്ലും ജോലിത്തിരക്കെനി-
ക്കുണ്ടെന്നു" ചൊല്ലിപ്പിരിഞ്ഞുപോകും.
മററുള്ളവരൊരു ചീഞ്ഞുനാറുന്ന നാ-
യ്ക്കുട്ടിയെത്തിന്നും നുണഞ്ഞിറക്കും.

Digitized By Kerala Sahitya Akademi

ആദരപൂർവ്വമനന്തരമെല്ലാരും
നാനാവഴിയായ്പ്പിരിഞ്ഞുപോകും.
മാനിനെ മാനം കെടുത്തി താനെന്നഭി-
മാനഗർവ്വത്തിലപ്പോക്കിരിക്കും.
ഇത്തരം ലോകത്തണച്ചതെന്തിന്നീശൻ
പുഷ്പങ്ങളേയും കിളികളേയും.

അല്ലെങ്കിലെന്തിനീ, വൈരുദ്ധ്യമില്ലെങ്കി-
ലില്ലാ രസം ജീവിതത്തിനൊട്ടും.
കട്ടിക്കൂടും കൂരിരുട്ടിൻെറ പിന്നിലേ
മൊട്ടിട്ടു മുഗ്ദ്ധമാം സുപ്രഭാതം.
ഇജ്ജഗത്തിങ്കൽ കരിക്കട്ടയില്ലെങ്കി-
ലുജ്ജ്വലിക്കില്ലല്ലോ വജ്രഖണ്ഡം!
സങ്കല്പസമ്പന്നനായാൽ മതി, പിന്നെ-
സ്സങ്കടമില്ലീജ്ജഗത്തിലൊന്നും.
മുള്ളി,ല്ലവിടെ മലരുകൾമാത്രമേ-
യുള്ളൂ, നിർബ്ബാധം നടന്നു ചുററാം.
കാണാൻ കൊതിക്കുന്നതൊക്കെയും കണ്ടിടാം,
വേണുന്നതൊക്കെയും സ്വീകരിക്കാം.
ജ്യോതിർമ്മയമാ,ണനുപമശാന്തിദ-
സ്വാതന്ത്ര്യസാന്ദ്രമാണപ്രദേശം.

ഇങ്ങിനി നിന്നു കരയേണ്ട, പാടിടാ,-
മങ്ങോട്ടു പോകൂ ഹൃദയമേ, നീ!!........

Digitized By Kerala Sahitya Akademi

# പന്ത്രണ്ടു്

കാലം മറിഞ്ഞു—കലിയുടെ വാഴ്ചയാം
കായിനു മൂപ്പെത്തി കയ്പുവന്നു.
കാരണവേരിൻെറ കെല്ലാറു കാര്യങ്ങ-
ളോരോന്നായങ്ങിനെ വേർപിരിഞ്ഞു.
കാണുവാനില്ല കളങ്കമററൊന്നുമേ;
കാണുന്നതൊന്നു, വേറൊന്നു സത്യം.
നാണയത്തിന്മേൽക്കറങ്ങുന്ന സർവ്വവും
നാശോന്മുഖമായ് സദാ കുതിപ്പൂ.
ഓരോ മണിക്കുറുകൊണ്ടാണുയരുന്ന-
തോരോ നവനവനായകന്മാർ.
എന്തിനാണെന്നോ?—നയിക്കുവാൻ—എങ്ങോട്ടു്?
ചിന്തിച്ചുനോക്കു!—കൊലക്കളത്തിൽ.
പിന്തിരിപ്പൻനയമാണൊതുക്കം, ശാന്തി,
സംതൃപ്തി, ഭക്തി,യഹിംസയെല്ലാം.
മുൻകുതിപ്പൻനയം നോക്കു കൊലക്കള-
ക്കുങ്കമം ചാർത്തലതെത്ര കാമ്യം!
റോട്ടിൽ നടക്കാനിടമി'ല്ലിസ'ങ്ങൾതൻ
കുട്ടിയടികൊണ്ടു—ചുററിയില്ലേ?
വീമ്പടിതാനെല്ലാം "കൊമ്പുകൾ മൂന്നുണ്ടു
ഞാൻ പിടിച്ചോരീ മുയലി"ന്നെന്നായ്.

Digitized By Kerala Sahitya Akademi

പ്രാണൻ പൊരിഞ്ഞൊരു ഹോട്ടലിൽക്കേറിയാൽ
കാണാമൊ'രിസ്റ്റൊ'ന്നവിടെയപ്പോഠം.
കണ്ടാൽ മതി, പിടിവിട്ടുകിട്ടാൻ പിന്നെ-
യുണ്ടു വൈഷമ്യ,മുണ്ടുദ്വാമാകും.
ക്ഷൗരക്കടയിൽക്കയറു,കവിടെയും
സൈപരമി,ല്ലുണ്ടാമൊ'രിസ്റ്റ'വിടെ.
ചാക്കോഠം മുഖത്തൊക്കെസ്സോപ്പിൻ പത ചാർത്തി
നീഃക്കാലിയെപ്പോൾ കഴുത്തു നീട്ടി,
ഒട്ടുമുക്കാലുമപ്രാണോപകാരിയു-
'മിസ്റ്റാ'യിരിക്കുവാനാണെളുപ്പം.
ഒന്നും പറയില്ല ഞാ,നയാഠംക്കാവേശം
വന്നാലോ, കൈവശം കത്തിയല്ലേ?

പേടിച്ചിവരുടെ ദർശനമാത്രയി-
ലോടിയിട്ടുണ്ടു ഞാൻ നൂറുവട്ടം.
രക്ഷയിൽപ്പോയാലും രക്ഷയി,ല്ലെങ്ങാനു-
മക്ഷിയിൽപ്പെട്ടാൽ തടുത്തുനിർത്തും.

"നിങ്ങഠംതൻ മൂക്കിൻെറ താഴത്തെ മീശക്കു
ഭംഗിയി,ല്ലീ മീശ നല്ലതല്ല.
സ്റ്റാലിൻെറ മീശതാൻ മീശ—യാ മീശപോ-
ലീ ലോകത്തിന്നൊരു മീശയില്ല."

സമ്മതഭാവത്തിലേററം വിനീതനായ്
സൗമ്യമായ്, ഞാനെൻതല കുലുക്കി.

Digitized By Kerala Sahitya Akademi

അസ്സഖാവിൻ മൂക്കു ചേത്തു, മിഴികളി-
ലഗ്നി പാറന്നു, മുഖം ചുവന്നു.

"എന്തെ ഹേ, നിങ്ങൾക്കു തക്കമുണ്ടോ?" കാര്യം
കുന്തമായല്ലോ, ഞാനമ്പരന്നു.
മീശയെ നിങ്ങൾ പുരോഗമിപ്പിയ്ക്കണം,
ക്ലേശം പലതും സഹിച്ചിടേണം.
ആ 'ലെനി'നാദ്യമായ് വെച്ച മേൽമീശയെ
സ്റ്റാലിൻ പുരോഗമിപ്പിച്ചു, നോക്കു!
മററുള്ളതൊക്കെയും ചൂഷണമീശകൾ
വെട്ടിവീഴ്ത്തീടണം നാമവയെ.
അപ്പഞ്ചവത്സരപദ്ധതി മീശയ്ക്കൊ-
രത്ഭുതമാകും വളച്ചയേകും.
ഇന്നിപ്പോൾ റഷ്യയെ നോക്കിപ്പഠിയ്ക്കണം
മന്നിതിൽ നാമൊക്കെ മീശവെയ്ക്കാൻ!
എന്തഴകാണു, യോജിപ്പാണു, രോമങ്ങൾ-
ക്കെന്തു കരുത്താണെന്നോത്തുനോക്കു.
ഇല്ലാ വലിപ്പച്ചെറുപ്പ,മാ രോമങ്ങ-
ളെല്ലാമൊരുപോലാ,ണില്ല ഭേദം!
വിപ്ലവ—"മാട്ടെ നമുക്കു പിന്നെക്കാണാ-
മല്ലം തിടുക്കമു"—ണ്ടോടിയാലോ?
"എന്താ തിടുക്കം?—സിഗററുണ്ടോ?"—"തരാം"
സന്തോഷപൂവ്വം ഞാനേകി; പക്ഷേ,

Digitized By Kerala Sahitya Akademi

"പിൻതിരിപ്പൻനയമാണിക്കൂതാവു"—ഞാ
നെന്തു ചെയ്യും?—തെളിച്ചോതി കാര്യം:—
"എന്നൂത്ത കുഞ്ഞു വിരയിളക്കംകൊണ്ടു
കണ്ണുംമിഴിച്ചു കിടപ്പു വീട്ടിൽ;
ഡാക്ടരെക്കാണുവാൻ പോവുകയാണു ഞാ;-
നാട്ടെ, നമുക്കിനിപ്പിന്നെക്കാണാം."
"എന്തു്!—വെരയിളകുന്നുവോ?—റഷ്യയിൽ
ചിന്തിയ്ക്കിലില്ല വെരയിളക്കം!
അങ്ങുള്ള കുഞ്ഞുങ്ങൾ"—"തൻെറ തല!—തന്നെ-
യങ്ങോട്ടു കെട്ടിയെടുക്കരുതോ?
ഇല്ലില്ല, തന്നെപ്പോലാക്ഷമാ റഷ്യയി-
ലില്ലാ തലയ്ക്കു പിരിയിളക്കം!
വണ്ടി വിടെടോ!............" വിഷണ്ണനായിസ്സഖാ-
വണ്ടി കളഞ്ഞുള്ളൊരണ്ണനെപ്പോൽ.
പോയി ഞാൻ....ഒന്നു വലിയ്ക്കണം........തീപ്പെട്ടി
പോയി, സഖാവിൻെറ കയ്യിലായി.
ഇന്നും ഞാനാത്തൊഴിലാളിനേതാവിൻെറ
കണ്ണിൽ വെറുമൊരു ബൂഷ്വമാത്രം!
ശത്രുവായീ സഖാ,വസ്സഖാവിന്നുള്ള
മിത്രങ്ങളൊട്ടുക്കു ശത്രുക്കളായ്!
എത്ര ശത്രുക്കൾതൻ മദ്ധ്യത്തിലാണെന്നെ
നിർദ്ദയം വിട്ടതെൻ മീശ നോക്കു!............

Digitized By Kerala Sahitya Akademi

## പതിമൂന്ന്

സാഹിത്യകാരന്മാർ, സാഹിത്യകാരന്മാർ
സാഹസികന്മാർ, ഭയങ്കരന്മാർ.
ഇല്ലവർക്ക്യോ മനസ്സാക്ഷിയെന്നൊന്നൊ-
രെള്ളോളമെങ്കിലു,മെന്തു ചെയ്യും?
എന്നാലവരിൽ വിശേഷിച്ചുകള്ളന്മാ-
രിന്നക്കവികളാണോർത്തുകൊള്ളു.
പ്രായേണ ലോകം ധരിച്ചുവെച്ചിട്ടുണ്ടു
പ്രായോഗികത്വമില്ലെന്നവരിൽ.
എന്തബദ്ധം, ഹാ, മഹാകവിപ്പട്ടത്തി-
ന്നന്തികത്തൊന്നു ചെന്നുററുനോക്കു.
പോകുക പിന്നാ യുവകവിപുംഗവ-
കാകസംഘത്തിന്നരികിൽ നിങ്ങൾ.
അച്ചടിക്കെട്ടിൽ മധുര,മടക്കുകിൽ
കച്ചു തുപ്പീടമാ മാനസങ്ങൾ.
അക്കവിപ്പട്ടമുയന്നുപോകുന്തോറു-
മത്രയ്ക്കുതിന്മേലിരുട്ടു മുററും.
ഗാനത്തിൻ മാധുര്യം, മാർദ്ദവം, ചിന്തിച്ചു
വീണയിൽക്കൊണ്ടുപോയ് കയ്യരച്ചാൽ,
കട്ടകൾ, കമ്പിക,ളെന്തെല്ലാമുണ്ടതിൽ-
ത്തട്ടും, വിരലിൽ മുറിവു പററും!

Digitized By Kerala Sahitya Akademi

സ്വർഗ്ഗത്തിൽനിന്നടർന്നൂഴിയിൽ വീണതാം
സ്വപ്നപിണ്ഡങ്ങളല്ലാ കവികൾ.

മുൽക്ഷിപ്തശുക്ലരക്താഭിയോഗോൽത്ഭിന്ന-
മുല്ലഞ്ജരന്മാരാണിങ്ങവരും!
'മിസ്റ്റിസിസ'മാം ത്രിശങ്കുവിൻ സ്വർഗ്ഗത്തി-
ലുററുനോക്കും നവകൗശികന്മാർ.

ആയിരം കാവ്യസമുദ്രങ്ങളൊന്നായി-
ട്ടാചമിയ്ക്കുന്നോരഗസ്ത്യകല്പർ.
വ്യാസവാല്മീകികൾതൻ ചട്ടയിട്ടവർ
ഹാസസാഹിത്യകുംഭോദരന്മാർ,
തിക്കുംതിരക്കുമാണില്ലിടം കാലൊന്നു
വെയ്ക്കുവാൻ സാഹിത്യമണ്ഡലത്തിൽ.
പത്മാസനത്തിൽച്ചിലർ, ചിലർ കൂർമ്മത്തിൽ,
മററു ചിലരതാ മണ്ഡൂകത്തിൽ.
ധ്യാനം, കവിതയെ പ്രത്യക്ഷമാക്കുവാൻ
ധ്യാനം!—തപസ്സതെന്തുഗ്രമെന്നോ!!
അങ്ങോട്ടു നോക്കൂ!—കിടക്കും പിടഞ്ഞെല്ലു-
മങ്ങിങ്ങു നോക്കും, വിയർത്തു മുങ്ങും;
മെല്ലെത്തടവും കുടവയർ, നിശ്വാസം
തള്ളിപ്പുറപ്പെടും, മൂക്കു വീക്കും,
വീണ്ടും കിടക്കമുരളുമെഴന്നേല്ക്കും
വീണ്ടു,മെന്തുൽക്കടപ്രാണബന്ധം!

Digitized By Kerala Sahitya Akademi

മൂന്നു 'കാ' കിട്ടിയതോരോ വരിയിലു-
മൂന്നി, രണ്ടാമക്ഷരവിടവിൽ,
നാലാമതുമൊരു 'കാ'ക്കുവേണ്ടി, പ്രാണ-
നാളം ദഹിക്കുകയാണു പാവം!
ശബ്ദകോശങ്ങൾ തിരഞ്ഞു നൂറൈ,ന്നിട്ടും
ശപ്തമാക്കാമാത്രം കിട്ടുന്നില്ല.
ഈ വീപ്പുമുട്ടിപ്പടക്കുന്നതെന്തിനാ-
ണീവിശ്വമൊട്ടുക്കു വീപ്പുമുട്ടാൻ!
സ്വാമീ, നമസ്തേ, നമസ്തേ, നമോസ്തു, തേ
ഹാ മർത്ത്യനീവിധി വെക്കരുതേ!!

അപ്പുരമാത്മാവിൻ കക്ഷത്തിൽ ജീവാത്മാ-
വപ്പപ്പോളിക്കിളി കൂട്ടിടുമ്പോൾ,
ഉണ്ടാം പുളകത്തിൻ രശ്മികൾ, ജീവിത-
ത്തണ്ടലരിൽച്ചെന്നു തട്ടുന്നേരം,
ചുണ്ടു വിടർത്തുന്ന സൗരഭത്തിൽ തല-
മണ്ടയാണോക്കുവിൻ മിസ്റ്റിസിസം.
മിസ്റ്റിക്പുളുവന്മാർ, നോക്കൂ, റിയലിസ-
ക്കൊറ്റികൾ, ഗീതകപ്പൊത്തലുകൾ,
ഏകാങ്കനാടകപ്പച്ചക്കുതിരകൾ,
ശോകാത്മകഗാനഞാഞ്ഞൂളുകൾ!
പ്രേമഗീതങ്ങളാം മാക്രികൾ, വീർത്തുള്ളൊ-
രാ മഹാകാവ്യക്കരിമ്പോക്കുകൾ



Digitized By Kerala Sahitya Akademi

ഖണ്ഡനത്തേളുകൾ, മണ്ഡനപ്പാററകൾ
ഖണ്ഡകാവ്യക്കരിന്തേരട്ടകൾ;
നിൽക്കാത്ത മട്ടാ വിലാപകാവ്യം വൃഥാ
നിഗ്ഗളിച്ചീടുന്ന ചീകീടുകൾ;
കാടും പടലും പുറത്തു വലിച്ചേററി-
പ്പാടുന്ന നാടകഗർദഭങ്ങൾ;
ഊഴി മാന്തുന്ന ഗവേഷണച്ചാഴിക-
ളുളിയിടും ശാസ്ത്രജംബുകങ്ങൾ;
ജീവിതപ്പട്ടട ചിക്കിച്ചികയുന്ന
ജീവചരിത്രക്കൊടും കഴുക്കൾ
നോവലെന്നുള്ള ഭാവത്തിൽച്ചിറകടി-
ച്ചാവിർഭവിക്കുന്നൊരാവലുകൾ;
ആയിരം മട്ടുള്ളനുകരണങ്ങളാ-
മായുസ്സിയലാത്തൊരീയലുകൾ;
പാററിപ്പിടിച്ച വാൽ പൊക്കം ചെറുകഥാ-
പ്പച്ചിലയോന്തുകളെന്നു വേണ്ടാ,
ക്ഷുദ്രജന്തുക്കൾതൻ കാഴ്ചബംഗ്ലാവിതി-
ലെത്തിനോക്കമ്പോളറപ്പുതോന്നും!

ചാവാൻ കിടന്നു പിടയ്ക്കുമൊരുത്തൻെറ
നാവിനൊരു തുള്ളി വെള്ളംപോലും
ഏകാത്ത നിഷ്ഠരൻ, ദാനധർമ്മത്തിനു-
ള്ളാകർഷകത്വം വിഷയമാക്കി,

Digitized By Kerala Sahitya Akademi

ശ്ലോകം പരത്തിപ്പടർത്തുവെച്ചു, മവൻ
ലോകമഹാകവിയായി മാറും.
അത്തലമണ്ടയിലാണഹോ സാഹിത്യ-
ചക്രം കറങ്ങുന്നതെന്നു തോന്നും!
ക്ഷേത്രപ്രവേശനം പാടില്ലയെന്നവ-
നാർത്തു പുലമ്പും—കൊടുത്തശേഷം,
കീർത്തിച്ചും, കീർത്തിതൻ കാലിൽപ്പിടിച്ചവൻ
പ്രാർത്ഥിച്ചും, നക്കിടും നായിനെപ്പോൽ!
വൃക്ഷച്ഛവട്ടിൽക്കമിഴ്ന്നുകിടന്നവ-
നക്ഷരലക്ഷം പെറുക്കിവെച്ചും.
മററുള്ള പേനകളെല്ലാമൊടിയുവാൻ
മുട്ടുകുത്തിദ്ദൈവത്തോടിരക്കും.
ജീവചരിത്രമെഴുതിച്ചു, മല്ലാതെ
ചാകാനവനൊരു ധൈര്യമില്ല.
പിന്നെയതിനാരുമില്ലാതെ പോയേയ്ക്കാ-
മെന്നല്ലഥവാ തുനിയുകിലും,
വല്ലതും ദോഷം പറകിലോ?—പാടില്ല
നല്ലതു മാത്രമേ ചൊന്നിടാവൂ.
നിന്ദ്യചണ്ഡാളനെപ്പോലുമൊരു മഹാ-
വന്ദ്യയതിയായ് വരച്ചു കാട്ടാൻ,
ലജ്ജയില്ലാത്ത നപുംസകങ്ങൾക്കമു-
ണ്ടിജ്ജഗത്തിങ്കലിടം ശപിസിയ്ക്കാൻ.

Digitized By Kerala Sahitya Akademi

കാപ്പിയ്ക്കു കാശു കൊടുത്താൽ മതിയവൻ
കാപ്പിരിയെക്കാമദേവനാക്കും.
അത്തരമൊന്നുരണ്ടാളെപ്പിടികൂടി-
യൊപ്പിച്ചിടുമവൻ സ്വാർത്ഥമോഹം!
കലമൊരുത്തു കൊടുത്താൽത്തെറിയ്ക്കുമ-
പ്പോളകൾ, നിൽക്കും പരിപ്പുമാത്രം!
കെൽപ്പില്ല, മൂപ്പി,ല്ലുറപ്പില്ലതിനെങ്കി-
ലല്പനാൾക്കുള്ളിലതുച്ചുകുത്തും.
കൊള്ളില്ലതു പിന്നെ—ലോകമെടുത്തതു
പള്ളയിലേയ്ക്കു വലിച്ചെറിയും!

## പതിനാല്

ചൊല്ലാമെഴുത്തൊന്നു, ജീവിതമൊന്നിവ-
യ്ക്കില്ലാ പൊരുത്തം—അതുണ്ടെങ്കിലേ,
സൽക്കാവ്യമാകൂ, നിജോൽപ്പാദകനൊരു
സൽക്കവിയാകൂ, സന്ദേഹമില്ല!
പിന്നെക്കവിപ്പട്ടം കെട്ടി ഞെളിഞ്ഞിടാം
കുന്നുകൂട്ടാം പണം, കീർത്തി നേടാം.
ആയിടട്ടെന്നാൽ ഞാൻ സർവ്വലോകാരാദ്ധ്യ-
നാണെന്നു ഭാവിച്ചാലെന്തു ചെയ്യും?

Digitized By Kerala Sahitya Akademi

താനെഴുതുന്നതേ ജീവിപ്പുവെന്നഭി-
മാനിപ്പാനർഹതയുള്ളവനായ്,
ഒററക്കവിയോ, മഹാകവിയോ വന്നാൽ
മുട്ടുകുത്താം, ദാസനായിടാം ഞാൻ!
ഒന്നില്ല; പിന്നെപ്പരസ്പരം പുച്ഛിച്ച
മന്ദഹസിപ്പതിലർത്ഥമുണ്ടോ?

അപ്പൊഴുൽക്കൃഷ്ടമാം കാവ്യം വിരളമാ-
ണൽപ്പാദനങ്ങൾ യഥേഷ്ടമുണ്ടാം.
പിന്നെപ്പരസ്പരാപേക്ഷികമായൊന്നു
നന്നെന്നും, മറെറാന്നു മോശമെന്നും,
നാമൊക്കെയോതും, പതിവാ,ണഭിരുചി-
യാണതിന്നുള്ളേകമാനദണ്ഡം!
ഇല്ല തണ്ടാരിൻ ഗുണം പനിനീർപ്പൂവി-
നില്ലതിൻ മേന്മയത്തണ്ടലരിൽ.
തണ്ടാർ കിളരുന്നു ചേററിൽ,പ്പനീർപ്പൂവിൻ
തണ്ടിൽ നിറച്ചുണ്ടു കണ്ടകങ്ങൾ.
അക്കാരണത്താൽ വെറുത്തിട്ടു കാര്യമെ-
ന്തുൾക്കളിരേകുമാപ്പൂവുകളെ?
രണ്ടിനുമൊപ്പം വികാസം കൊടുക്കുന്നു
വിണ്ടലത്തിൻെറ നറുംവെളിച്ചം.
ചേറില്ല, മുള്ളില്ല പൂവിൻദലങ്ങളിൽ
പോരേ, പരാതിപ്പു കാര്യമുണ്ടോ?

Digitized By Kerala Sahitya Akademi

തൂമരന്ദം നുകർന്നാനന്ദമത്തരായ്
തൂമയിൽച്ചുററിപ്പറന്നാൽപ്പോരേ?
ഭൃംഗങ്ങളേ, കഷ്ടമെന്തിനവയ്ക്കെഴും
പങ്കവും, മുള്ളുമോർക്കുന്നു നിങ്ങൾ?
നിങ്ങളെബ്ബാധിപ്പതില്ലവ, പൂക്കൾക്ക
ഭംഗിയുണ്ടാബ്ഭംഗിയാസ്വദിപ്പൂ.
കസ്തൂരിയെന്താ, മെരുകിൻപുഴുവെന്തു
വസ്തുക്കളാണതെന്നോർത്തുനോക്കൂ.
ഏകുവിനച്ചെകുത്താനവനർഹിക്കും
ഭാഗമതിനെന്തു വൈമനസ്യം?

കുഷ്ഠരോഗം പിടിച്ചുള്ള കലാകാരൻ
സൃഷ്ടിച്ചിടും ചിത്രദർശനത്തിൽ,
ആ രോഗമാക്രമിക്കില്ലവനോടൊത്തു
ചേരേണ്ട കാലത്തു നിന്നുകൊള്ളൂ.
അന്ധൻെറ സുന്ദരസംഗീതം കേൾക്കുകി-
ലന്ധരായ്ത്തീരില്ല കേട്ടിടുന്നോർ.
ആരാൽ ശ്രവിക്കും ബധിരവിലാപത്തി-
ലാരും ബധിരരായ്ത്തീരുകില്ല.
പിന്നെന്തിനുൽപാദകസ്വഭാവത്തെയോ-
ർത്തിന്നീ നിരർത്ഥവാഗ്വാദഘോഷം?
വസ്തുവുമായുള്ള താദാത്മ്യം, തദ്ഭാവ-
നിസ്തുലചിത്രണ,മെന്നിവയിൽ,

Digitized By Kerala Sahitya Akademi

ഉത്തേജകതത്വമുൾക്കൊൾവതാണെങ്കി,ല-
ത്തുൽക്കൃഷ്ടമാം കലാസൃഷ്ടിയായി.
ഉൽപാദകൻെറ ശാരീരികചേഷ്ടകൾ-
ക്കുത്തരവാദിതചമില്ലതിങ്കൽ.
ഉത്തേജകതത്വമുൾക്കൊള്ളുന്നവയെല്ലാക്കെ-
യുത്ഭവസ്ഥാനമാത്മാവുമാത്രം!
ഉൽപാദ്യസത്തയിലുൽപാദകസത്ത-
യുൾപ്പൂക്കവിഭാജ്യമായിടുമ്പോൾ,
തജ്ജന്യശക്തിയാൽ താനേ ജനിപ്പതാ-
ണുൽകൃഷ്ടമാം കലോല്ലാദനങ്ങൾ.
കൊത്തിവെയ്ക്കാം മരപ്പാവകൾ, ജീവനെ-
ക്കൊത്തിവെയ്ക്കാനുളിയെല്ലാക്കകില്ല.
ജീവനു മാത്രമേ ജീവൻ കൊളുത്തുവാ-
നാവു—കലാമർമ്മമിങ്ങിരിപ്പൂ!
സത്താണു സൃഷ്ടിയെന്നാലതിന്നുത്ഭവ-
സത്തയും സാത്വികമായിരിയ്ക്കും!

സ്വർണ്ണവിളക്കിലും മണ്ണുവിളക്കിലും
മിന്നുന്ന ദീപം വെളിച്ചമേകും.
മണ്ണായ കാരണം ദീപമിരുട്ടാണു
ചിന്നുന്നതെന്നു ഭയപ്പെടേണ്ടാ!
ദീപത്തിനില്ലാ കളങ്കം—ജഗത്തിനി-
ല്ലാപത്തശേഷം വിളക്കുമൂലം.

Digitized By Kerala Sahitya Akademi

നന്നാണധികം വിളക്കമാ ദീപവു-
മൊന്നുപോലുജ്ജ്വലമായിരുന്നാൽ!
താനേ വിളങ്ങുന്ന ദീപങ്ങൾ കാണുവാൻ
താരാപഥത്തിലേ സാദ്ധ്യമാകൂ!
ഇങ്ങുള്ള ദീപങ്ങൾപോലും, പുകകൊണ്ടു
മങ്ങിയിരിയ്ക്കുമടുത്തു ചെന്നാൽ.

താരങ്ങൾക്കില്ല പുകയെന്നതു പക്ഷേ
ദൂരതകൊണ്ടുള്ള തോന്നലാവാം.
എത്ര മഹാത്മാക്കളാകട്ടെ കാണുന്ന-
തെപ്പൊഴും ദൂരത്തു നിന്നു വേണം!
കാണാതിരിയ്ക്കുന്നതാണേററമുത്തമം
കാഴ്ചയിൽ കൗതുകം മാഞ്ഞുപോകും.
കണ്ടാലടുക്കാൻ, ടുത്താൽ പലപ്പൊഴു-
മുണ്ടാം നിരാശ—മതിപ്പിടിയും.

കേട്ട സംഗീതം മധുരമാണെന്നാലാ-
ക്കേൾക്കപ്പെടാത്തതതിമധുരം,
നിസ്തുലമാധുര്യനിർഭരമാണെന്നാൽ
നിശ്ശബ്ദതയെന്നതോർമ്മ വേണം.
ദൂരത്തു നില്ക്കുക, കേട്ടാസ്വദിക്കുക,
ചാരത്തു ചെല്ലൊല്ലേ, കാണരുതേ!

ഞാനെൻെറ മൂന്നാലു കൂട്ടുകാരൊന്നിച്ചു
മാനസോല്ലാസത്തിനായൊരിയ്ക്കൽ,

Digitized By Kerala Sahitya Akademi

അക്ഷീണകൗതുകമുൾച്ചേർന്നുകൊണ്ടൊരു
പക്ഷിനായാട്ടിനായ്പ്പോയി കാട്ടിൽ.
തോക്കിനിരയായി വീണ കിളികളെ
നോക്കി ഞാനങ്ങനെ നിന്നിടുമ്പോൾ,
"ഹേ, കവേ, താനെന്നും വർണ്ണിച്ചിടാറുള്ള
കോകിലത്തിന്നും പിണഞ്ഞു നാശം.
നോക്കൂ!"—ചിരിച്ചു, ചിരിച്ചുകൊണ്ടേവ,മെൻ-
നേക്കൊരു പക്ഷിയെ നീട്ടി തോഴൻ.
ഞാനതുൽക്കണ്ഠയോടെൻകയ്യിൽ വാങ്ങി, ഹാ!
താനേയെൻ കണ്ണു നിറഞ്ഞുപോയി.

ആദികവിതൻ ഹൃദയത്തിലത്രമേ-
ലാടലിയററിടയാരദൃശ്നം,
ആയിരം പ്രാവശ്യമാവർത്തിച്ചിട്ടുണ്ടാ-
മീവിശപ്പോരോ കവിക്കു മുന്നിൽ!
ഇന്നു വെടികൊണ്ട പക്ഷിയെച്ചിന്തിച്ചു
കണ്ണീരൊഴുക്കും മഹാകവികൾ,
മുക്കററം മാംസം ഭുജിച്ചു പല്ലിന്നിട-
യ്ക്കുരീക്കിലാൽത്തോണ്ടിക്കൊണ്ടായിരിക്കും.
ശിക്കാരിതൻ നേർക്കു ചീറി,യഹിംസയെ-
പ്പൊക്കി,പ്പടപ്പതാക്കാവ്യപിണ്ഡം!

വെട്ടെന്നിച്ചിന്തയെന്നുള്ളിലുദിച്ചു, ഞാ-
നൊട്ടമ്പരന്നൊന്നു നോക്കി വീണ്ടും.

Digitized By Kerala Sahitya Akademi

ചെററു പിളർത്തിയ കൊക്കിലും മെയ്യിലും
പററിയിട്ടുണ്ടു കൊഴുത്ത രക്തം.
പ്രാണദണ്ഡത്താൽപ്പിടയുന്നു—പെട്ടെന്നു
ഞാനതിൻ കണ്ഠം ഞെരിച്ചു കൊന്നു.
"നല്ല കവിയാണു, കൊന്നു കുയിലിനെ"-
യെല്ലാരുമെന്നെപ്പരിഹസിച്ചു.
അപ്രാണവേദന പെട്ടെന്നു തീക്കാനാ-
ണപ്രകാരത്തിൽ ഞാൻ ചെയ്തതപ്പോൾ.
പാടും പിശാചു ഞാൻ, വർണ്ണിച്ചു വർണ്ണിച്ചു
പാടിപ്പുകഴ്ത്തുന്ന കോകിലത്തെ,
അമ്മട്ടു ഹിംസിച്ച നിർദ്ദയം ലോകമേ,
നിന്മുന്നിൽ ഞാൻ കവിതന്നെയിന്നും!

ഞാനാക്കുയിലിനെ സൂക്ഷിച്ചു നോക്കി, ഹാ,
കാണാനതിനൊരു ഭംഗിയില്ല.
ഉണ്ടൊരു ദുർഗ്ഗന്ധം, പൂടയും തൂവലും
കണ്ടാലറയ്ക്കും, വെറുപ്പുതോന്നി,
അക്കളകാകളി വാർന്നൊഴുകീടുന്ന-
തിക്കരിംപൂടയ്ക്കകത്തുനിന്നോ?
ദുർഗ്ഗന്ധപൂർണ്ണമേ, നിന്നിൽനിന്നോ ഹന്ത
നിർഗ്ഗളിപ്പൂ ഗാനത്തിൻ സുഗന്ധം!
കോൾമയിർക്കൊള്ളിച്ചു ദൂരെനിന്നെന്നെ നീ—
നീ മുന്നിലെത്തി മനംമടുത്തു.

Digitized By Kerala Sahitya Akademi

ഇപ്പോഴും പൂങ്കുയിൽ പാടുന്ന കേൾക്കുമ്പോ-
ളിപ്പൂതിഗന്ധമൊന്നോർത്തുപോം ഞാൻ.
കഷ്ടമസൂയ, ദ്വേഷം, ചതിയൊന്നുമേ
തൊട്ടുതേച്ചിട്ടാത്തൊരാപ്പക്ഷിപോലും
അമ്മട്ടിലാകിലതൊക്കെ മുററിച്ചേർന്നോ-
രമ്മർത്ത്യനേക്കുറിച്ചെന്തു ചൊല്ലാൻ?
ക്രൂരം മതിപ്പിൻെറ നാരായവേരാണു
ദൂരത്തു നിൽക്കുവിൻ കൈകൾ കൂപ്പിൻ!
അന്നതിൽപ്പിന്നെയപ്പക്ഷിനായാട്ടിനാ-
യിന്നോളം പോയിട്ടില്ലെന്തുകൊണ്ടോ!
മണ്ണാണു മർത്ത്യനവൻ മഹാനാകിലും
മണ്ണു മണ്ണിൻെറ മണം വമിക്കും.
വ്യാജമാണിഷ്ടം മനുഷ്യനെ,ന്നിട്ടു, നിർ-
വ്യാജമാണെന്നു വൃഥാ നടിക്കും.
ഷണ്ഡൻെറ ഭോഗവിരക്തിപോൽ, സദ്ഗുണ-
മുണ്ടവ,നില്ലയെന്നാരു ചൊല്ലി?

"വഞ്ചി മറിഞ്ഞാലെന്തുണ്ടിത്ര പേടിക്കാൻ?"
ബെഞ്ചിലിരുന്നു ഞെളിഞ്ഞു ചൊൽവോൻ,
കായലിൽ, വേണ്ട കുളത്തിലെങ്ങാനൊന്നു
കാൽതെററി വീഴാനിടവരട്ടേ,
പ്രാണപരാക്രമം കാണേണ്ടതൊന്നപ്പോ-
ഴാണവൻ ശ്ശൂരനതുവരേക്കും!

Digitized By Kerala Sahitya Akademi

എത്ര സഹസ്രം മനുഷ്യരെക്കണ്ടു ഞാ-
നിത്തരമൽപകാലത്തിനുള്ളിൽ!
നാടകശാലയാണീലോകമെന്നൊരാൾ
പാടിയിട്ടുള്ളതെന്തർത്ഥഗർഭം!
എല്ലാം വിദൂഷകരാണു ചിന്തിക്കുകി-
ലില്ലിതിലൊററ നേതാവുപോലും.
അന്ത്യംവരേക്കും പ്രഹസനം, പെട്ടെന്നൊ-
രന്തരം—ശോകാത്മകാന്ത്യരംഗം!
പാടും, ചിരിക്കും, കരയും, കരങ്ങൾകോ-
ർത്താടും, പരസ്പരം മല്ലടിക്കും,
കാണിക്കും ഗൗരവം മീശമുറുക്കിക്കൊ-
ണ്ടാ നിമേഷംതന്നെ പല്ലിളിക്കും.
കിട്ടുന്നതൊക്കെക്കടിക്കും, മണപ്പിക്കും
പെട്ടെന്നു ദൂരെ വലിച്ചെറിയും.
കച്ചയുണ്ടാക്കും, കലുക്ക,മെന്തിന്നേവ-
മൊട്ടേറെയോരോരോ ഗോഷ്ടി കാട്ടും.
മർത്ത്യൻ കുരങ്ങിൽനിന്നെത്തിയോ, ശാസ്ത്രമേ,
മർത്ത്യനിൽനിന്നും കുരങ്ങു പോയോ?
വാലു വന്നപ്പോൾ നരൻ പരിഷ്കാരിയായ്
വാ(ൽ)നരനായിച്ചമഞ്ഞതല്ലേ?
അപ്പരിണാമം പുരോഗമനത്തെയാ-
ണെപ്പൊഴും ലക്ഷീകരിപ്പതെങ്കിൽ

Digitized By Kerala Sahitya Akademi

മക്കടത്തിന്നാണു, തക്കമില്ലൂഴിയിൽ
മത്ത്യനെക്കാളും പുരോഗമനം!
വാക്കുകൾകൊണ്ടുള്ള ചാപലമെങ്കിലും
നീക്കാനതിനു കഴിഞ്ഞുവല്ലോ!
ചാപലം കാണുമ്പോൾ സംശയംതോന്നുന്നു
കോപിച്ചിടേണ്ട വിഡ്ഢിത്തമാകാം!!...........

# പതിനഞ്ച്

സത്യസ്ഥിതിയല്പം ചിന്തിച്ചു നോക്കിയാൽ
മത്ത്യൻ മൃഗത്തിലുംകഷ്ടമല്ലേ?
വീട്ടിൽ വളത്തും മൃഗങ്ങളോ പോകട്ടെ,
കാട്ടുമൃഗത്തിൻ കഥയെടുക്കാം.
എന്താണവയ്ക്കുള്ള ദോഷം?—അവ മററു
ജന്തുജാലങ്ങളെ വേട്ടയാടും.
എന്തിനു?—ജീവിയ്ക്കാൻ, കാളുംവയററിലെ-
ച്ചെന്തീ കെടുത്തുവാനായിമാത്രം!
ആവശ്യമാണതു, ജീവിയ്ക്കണമെങ്കി-
ലാവശ്യമാണതു, തക്കമില്ല!

Digitized By Kerala Sahitya Akademi

തിന്നുവാൻ കൊന്നിടും, കൊന്നാകിൽത്തിന്നിടും,
വന്യജന്തുക്കളതൊന്നിനെന്യേ,

കൊല്ലുമാറില്ല സാധാരണയായതി-
നില്ലാ പഠിപ്പുമസ്സംസ്കാരവും.
എന്നാലിതല്ലാതൊ,രൊററ ദോഷം വേറെ-
യിന്നേതു ജന്തുവിന്നുണ്ടുലകിൽ?
പോകുന്നതില്ലവ തെണ്ടുകേറിസ്സുവാൻ
പോകുന്നതില്ല കൊയ്യിസ്സുവാനും.
പാട്ടം പലിശകൾ കിട്ടുവാനി,ല്ലില്ല
തോട്ടങ്ങൾ, മില്ലുടമസ്ഥരല്ല.
ജീവിസ്സുവാനാത്മചോദനാധീനമാ-
മാ വേട്ടയാടലവസ്സു വേണം!
മർത്ത്യനോ?—മർത്ത്യനു വേട്ടയാടീട്ടുവേ-
ണ്ടുത്തമഭോഗങ്ങളാഹരിസ്സാൻ.
സസ്യസമൃദ്ധപ്രകൃതിയാത്താദരം
സൽക്കരിസ്സുന്നുണ്ടവനെയെന്നും!
എന്നിട്ടും പോരവനന്യജന്തുക്കളെ-
ക്കൊന്നേ കഴിയൂ സുഖം സാധിസ്സാൻ!
ജീവികളെത്തിന്നവസാനം, വേണെങ്കി-
ലാവാമവനു ഫലങ്ങളല്ലം.
ആകട്ടതുകൊണ്ടു തൃപ്തിവന്നോ?—പോര
ലോകം കൊലക്കളമാക്കിടേണം.
അന്യജന്തുക്കൾ മടുത്തു മനുഷ്യനു
തിന്നണം മർത്ത്യനെത്തന്നെയപ്പോൾ.

Digitized By Kerala Sahitya Akademi

എട്ടുപത്തിന്നു രസമി,ല്ലടിഞ്ഞൊരു
പൊട്ടലിലായിരം വീണിടണം.
ചോലകൾ പോലിരച്ചോളമടിച്ചാർത്തു
ചോരപ്രളയങ്ങൾതന്നെ വേണം.
മുക്തശീർഷങ്ങൾ, കബന്ധങ്ങ,ളങ്ങിനെ
നൃത്തമാടേണമവന്നു മുമ്പിൽ!—
എന്തിനു?—ശക്തികാണിക്കാൻ, വിനോദിക്കാൻ
മന്ദഹസിക്കാ,നഹങ്കരിക്കാൻ!

കാട്ടുമൃഗങ്ങളേ, നിങ്ങൾക്കു കാറില്ല
കോട്ടില്ല, ഷർട്ടില്ല, സഞ്ചിയില്ല.
നിങ്ങൾ തിയേററിൽ പോകുന്നി,ല്ലെന്നല്ല
നിങ്ങൾക്കുദ്യാനവിരുന്നുമില്ല.
നിങ്ങൾ'താൻക്സ്സ്',ക്ലക്സ്',‘നോമെൻഷ'
ഭംഗിവാക്കൊന്നും പറയാറില്ല.	(നിത്യാദി
കണ്ടിടാറില്ലാ ചുരുട്ടോ, സിഗററോ
ചുണ്ടിൽ, മുഖം വടിക്കില്ല നിങ്ങൾ,
നിങ്ങൾക്കു ക്ലബ്ബില്ലനുമോദനമില്ല
മംഗളപത്രങ്ങൾ കിട്ടാറില്ല.
ഭാഗ്യക്കുറികൾ നടത്താറില്ലാ നിങ്ങൾ
യോഗ്യരല്ലാ പണം തട്ടുകില്ലാ.
റാവുസാഹേബല്ല, ഖാൻബഹദൂറല്ല
സേവാനിരതരുമല്ല നിങ്ങൾ.

Digitized By Kerala Sahitya Akademi

നിങ്ങൾതൻ പേരു പത്രത്തിൽ വരാറില്ല
നിങ്ങൾതൻ ചിത്രമെടുക്കാറില്ല.

നിങ്ങൾ രക്ഷാധികാരം ചുമക്കാറില്ല
നിങ്ങളാദ്ധ്യക്ഷ്യം വഹിക്കാറില്ല.

പച്ചച്ചിരികൾ ചിരിക്കില്ല, മാറുമ്പോൾ
പുച്ഛിക്കയില്ല നികൃഷ്ടർ നിങ്ങൾ.

'ഇൻക്വിലാബു്' സിന്ദാബാദൊ'ന്നും വിളിക്കകി-
ല്ലിംഗ്ലീഷബദ്ധമായ്ക്കാച്ചുകില്ല.

ഇല്ലാ സമാജങ്ങ,ളില്ലാ പ്രമേയങ്ങ-
ളില്ലാ കവുൺസിലസംബ്ലികൾ

ഇല്ലാ നഗരസഭകൾ പഞ്ചായത്തു-
മില്ലില്ല നിങ്ങൾക്കു കോടതികൾ.

നിങ്ങൾക്കു പത്രമി,ല്ലില്ല പത്രാധിപർ
നിങ്ങളിലില്ലാ മഹാകവികൾ.

വക്കാണക്കോമരവക്കീലന്മാരില്ലാ
കൊക്കിനെപ്പോൽ മേവും ജഡ്ജിയില്ലാ.

രണ്ടു ചെവിയാൽക്കുഴൽവഴി രോഗങ്ങൾ
കണ്ടറിഞ്ഞീടുന്ന ഡോക്ടരില്ല.

നിസ്സാരന്മാർ നിങ്ങൾ, മോശക്കാർ, നിന്ദ്യന്മാർ
നിർദ്ദയന്മാർ വെറും പ്രാകൃതന്മാർ!

എങ്കിലും, ഹാ, നിങ്ങൾ നിങ്ങളെത്തിന്നില്ല
വങ്കത്തം കാട്ടി നടക്കുകില്ല.

ഏഷണിക്കൂട്ടാൻ വശമില്ല നിങ്ങൾക്കു
ദോഷൈകദൃക്കുകളല്ല നിങ്ങൾ.

Digitized By Kerala Sahitya Akademi

സത്യവിരോധം കരുതില്ലൂരക്കത്തിൽ-
ക്കത്തിവെയ്ക്കും പതിവൊട്ടുമില്ല.
കള്ള-കറുപ്പ്-കഞ്ചാവുഷാപ്പാവശ്യ-
മില്ല നിങ്ങൾക്ക കഴിച്ചുകൂട്ടാൻ
നിങ്ങൾതൻ ലോകത്തു തേവിടിശ്ശിത്തെരു-
വെങ്ങുമി,ല്ലില്ലൊരു വൈകൃതവും.
പ്രേമലേഖങ്ങളെഴുതില്ല, വാങ്ങുകി-
'ല്ലോമനേ'യെന്നു വിളിക്കുകില്ല.
ഹാ, ഗുഹ്യരോഗം പിടിക്കില്ല നിങ്ങൾക്ക
ഭോഗഭ്രമവുമധികമില്ല.
കാതിൽഗ്ഗുളോപ്പിട്ടിടത്തുഭാഗം തല
കോതി, മുഖത്തു ചുണ്ണാമ്പു പൂശി,
മുട്ടോളം കൈകളിലൊന്നിൽ വളയെടു-
ത്തിട്ടൊരു സഞ്ചി ചുമ്മാതെ തൂക്കി,
പൂവണിസ്സാരിയി,ലുർവ്വശിമാരെന്ന
ഭാവത്തിൽക്കണ്ണെറിഞ്ഞും, കുഴഞ്ഞും,
നിങ്ങൾതൻ പെണ്ണുങ്ങൾ സ്ലിപ്പറിൽ കേറിനി-
ന്നെങ്ങും നടന്നിടാറില്ല പക്ഷേ,
നിന്ദ്യഗർഭച്ഛിദ്രനിന്ദ്യപരിപാടി
നിങ്ങൾക്കശേഷമറിഞ്ഞുകൂടാ!
മിസ്സ്മേയോ, മാർഗററ്റ്, ഡാംഗറിവരാരും
വിഭ്രമം നിങ്ങൾക്ക തന്നിട്ടില്ല.
ഗർഭനിയന്ത്രണത്തിന്നു നിങ്ങൾക്കാക്കും
റബ്ബറിൻ സൂത്രമറിഞ്ഞുകൂടാ.



Digitized By Kerala Sahitya Akademi

ദുർവ്വാരമല്ല നിങ്ങൾക്കു രോഗങ്ങൾക്കാ
സൽഫോണാമൈഡുമാപ്പെൻസുലീനും!
ഇല്ലാ ഡിയെമ്മായു് നടക്കുമ്പോർ നിങ്ങളി-
ലില്ല സ്വവർഗ്ഗഭോഗപ്രിയന്മാർ.
നാലുകാശിന്നായി നിങ്ങളൊരിക്കലും
നാണവും മാനവും വില്ക്കുകില്ല.
നിങ്ങൾക്കു ഫാറത്തിലിട്ടിട്ടൊപ്പിടേണ്ടൽ
തങ്ങിനില്ക്കുന്ന ദാമ്പത്യമില്ലാ.
ഉദ്യോഗത്തണ്ടില്ല, കൈക്കൂലിഭ്രാന്തില്ല
മദ്യസൽക്കാരങ്ങൾ നിങ്ങൾക്കില്ല.
കാരാഗൃഹമില്ല നിങ്ങൾക്കു കീർത്തിതൻ
സ്മാരകമില്ല, സമാജമില്ല.
എണ്ണച്ചായത്തിൽപ്പടമെഴുതിച്ചാരും
ചെന്നനാച്ഛാദനം ചെയ്യാറില്ല.
നിങ്ങൾക്കു മർത്ത്യനോടൊപ്പമെത്താൻ പിന്നെ-
യെങ്ങനെയൊക്കും?—നികൃഷ്ടർ നിങ്ങൾ!
ഇല്ലാ പരിഷ്കാര,മില്ലൊട്ടും വിപ്ലവ-
മില്ലാ കലാശാലാവിദ്യാഭ്യാസം!
ഇല്ലാ ബിരുദം, വിശേഷബുദ്ധ്യംശമ-
തില്ലില്ലാ തെല്ലും പുരോഗമനം!
മുൻചൊന്ന നേട്ടങ്ങളിന്നുമുതല്ക്കിനി
സഞ്ചയിക്കാൻ നിങ്ങളുദ്യമിക്കിൻ!
ശങ്കവേ,ണ്ടായത്തമാക്കാം ശ്രമിച്ചവ-
യെങ്കിൽ, നിങ്ങൾക്കു മനുഷ്യരാകാം!

Digitized By Kerala Sahitya Akademi

അമ്പലം, പള്ളി, പുരോഹിതർ, നേർച്ചകൾ,
കുമ്പസാരങ്ങ,ളാക്കർബ്ബാനകൾ,
ഏകാദശി, ഷഷ്ഠി, പൂജ, പാല്ക്കാവടി,
ഹാ, കൂട്ടുപായസം, പുഷ്പാഞ്ജലി,
എന്തിവയൊക്കെയുണ്ടെങ്കിലേ സർവ്വേശൻ
തന്നിടൂ നിങ്ങൾക്കു നേട്ടമെല്ലാം!

ഇത്രയും പോരിനി നിങ്ങളിലാരാനും
മർത്ത്യനായ്പ്പെട്ടെന്നു മാറുന്നെങ്കിൽ,
കർമ്മം ചിലതുണ്ടതുകൂടിയാകിലേ
സമ്മതനാകൂ യശസ്വിയാകൂ.
വീട്ടിൽ വരുത്തിക്കുടിച്ചിടാം ചാരായം
റോട്ടിൽ ഖദറിട്ടുതന്നെ പോണം.
അല്പം പ്രമാണിത്തം വേണമെങ്കിൽ, ഗാന്ധി-
ത്തൊപ്പികൂടുണ്ടെങ്കിലേറെ നന്നായ്!
വീട്ടിൽ വരുന്ന പിച്ചക്കാരെയൊക്കെയു-
മാട്ടിയോടിക്കാം വിരോധമില്ല.
എന്നാൽപ്പണക്കാർക്കിടയ്ക്കിടയ്ക്കേകണം
നന്നായ് വിരുന്നുക,ളാ വിരുന്നിൽ,
പത്രറിപ്പോർട്ടറെയാദ്യം ക്ഷണിക്കണം
..............................................
ആരുമറിയരുതല്ലിൽ ഗൃഹവേല-
ക്കാരിയെ—ത്തെല്ലും വിരോധമില്ല.
വീറോടെതിക്കണം നാലുപേർ കൂടുകിൽ
വീതശങ്കം സദാചാരബോധം.

Digitized By Kerala Sahitya Akademi

ഏതിസക്കാരനാകേണമെന്നുള്ളത്ത
ഭ്രതോദയംകൊണ്ടു തോന്നിക്കൊള്ളും.
കമ്യൂണിസത്തിനാണിപ്പോഠം വിലക്കേററം
ചുമ്മാ പറഞ്ഞു നടന്നാൽ മതി.
നാലഞ്ചു വാക്കുകഠം കാണുവോരോടൊക്കെ
നാലു ദിവസം പറയാമെങ്കിൽ,
അത്ഭുതമഞ്ചാംദിവസം പുലച്ച്ചിട്ടു
നിദ്രവിട്ടേററാൽ സഖാവുതന്നെ!
റഷ്യ, ബൂഷ്വാ, രക്തസേന, തൊഴിലാളി,
കഷകൻ, ചൂഷണം, ജീവരക്തം,
ദേശാഭിമാനി, പീപ്പിഠംസേജ്ു,ലെനിൻ, സ്റ്റാലി-
നീ ശബ്ദവേരുകളാകമാനം,
നാരും മൊരിയും കളയാതെടുത്തൊരു
നാഴിയാവേശത്തിലിട്ടിളക്കി,
ശൂണ്ടിയിൽ നന്നായ്ത്തിളപ്പിച്ചെടുത്തിട്ടു
ചുണ്ടുവിറയിലരിച്ചശേഷം,
കാറൽമാർക്സു് മേമ്പൊടി ചേത്തങ്ങരത്തുടം
കാലത്തും വൈകീട്ടും നാലുനേരം,
കൃത്യമായ്സ്സേവിച്ചാൽ പിന്തിരിപ്പൻചൊറി
സത്യമാണയ്യോ, പറപറക്കും.
മുൻകുതിപ്പൻതൊലി വന്നുചേരും—വേണ്ട
ശങ്ക, പരീക്ഷിച്ചറിഞ്ഞുകൊള്ളൂ.

Digitized By Kerala Sahitya Akademi

അല്പമൊരു പത്ഥ്യമുണ്ടത്തു വിട്ടുപോയ്
എപ്പൊഴുമങ്ങിങ്ങലഞ്ഞിടേണം.
ചക്കാത്തിൽ ചായ കുടിക്കാം ധാരാളമാ-
യൊക്കുമെങ്കിൽ സിഗററുമാകാം.
വീടി മുറയ്ക്കു വലിക്കാം, മൂക്കുവാൻ
പാടില്ലിടയ്ക്കു പുക വരണം.
പട്ടിണിയെന്നു പുറമേ നടിക്കണം
ഷട്ടിലും മുണ്ടിലും ചേറു വേണം.
പുച്ഛഭാവത്തിലെതിർക്കണം ഗാന്ധിതൻ
തത്ത്വസിദ്ധാന്തങ്ങളാത്തഗർവ്വം,
ചേതസ്സിൽ, ചുമ്മാതെയല്ല താനിന്നൊരു
നേതാവാ,ണെന്നുള്ളതോർമ്മ വന്നാൽ,
'ശ്ലജി'ക്കാലത്തേക്കഥകളാൽ മർത്ത്യനെ-
ത്തേജോവധം ചെയ്യണം യഥേഷ്ടം.
ഇല്ലെങ്കിലുമല്പം വിക്കു തോന്നിപ്പിച്ചാൽ
നല്ലതാണാവേശമുൾക്കൊള്ളും.
എപ്പോഴും റഷ്യാത്മകമാമൊരാരക്ത-
വിപ്ലവപുസ്തകം കയ്യിൽ വേണം.
ആക്രമിക്കേണമെഴുത്തച്ഛനെ,ക്കാമ-
പ്പേക്കൂത്തെന്നോതണം ശാകുന്തളം.
അന്നമ്മതൻ കണ്ണു പൊട്ടിക്കൽ, പിന്നല-
ഹന്നാൻറിരുട്ടിലേ വേലിചാട്ടം,
കാമുകസമ്പന്നയായ് വാണൊടുവിലാ-
ക്കോമാളിപ്പെണ്ണിൻെറ രക്തസ്രാവം,

Digitized By Kerala Sahitya Akademi

മററുമീമട്ടിൽ യഥാതഥരീതിയിൽ
തട്ടിമൂളിക്കാം, പുരോഗമനം.
മററുള്ളതൊക്കെത്തണുത്തുപോയ്, സാഹിത്യ-
മൊട്ടമുക്കാലും വളിച്ചു പോയി.
മുന്നിലിലവെച്ചു ചൂടുള്ളതിന്നായി
മുഞ്ഞിവീപ്പിച്ചിരിക്കുന്നു ലോകം!
ചട്ടി കരിയും, ചുടുവിൻ, ചുടുവി,നാ-
ച്ചട്ടകമെങ്ങു, മറിച്ചിടുവിൻ!
ഇങ്ങു വിളമ്പിത്തരുവിൻ സഖാക്കളേ
നിങ്ങളേ ഞങ്ങൾക്കു താങ്ങലുള്ളു.
ആവി പറക്കുന്നു, വേഗമാകട്ടെ, ചൂ-
ടാറരുതല്പം, തരിക വേഗം.

നാവു പൊള്ളുന്നു, ഹാ, സാരമില്ലെല്ലാമൊ-
രാവേശമാണയ്യോ, നല്ക വീണ്ടും!!…………
കാട്ടുമൃഗങ്ങളേ, കാലം കളയാതെ
നാട്ടിലേയ്ക്കൊത്തു പടയിളക്കു!
എത്രയോ കാലമായ് സാധുക്കൾ നിങ്ങളെ-
മർത്ത്യൻ കുതിരകയററിടുന്നു?
കക്കുകില്ലിന്നിയിച്ചൂഷണമെന്നണ-
ഞ്ഞൊത്തുചേർന്നോതുവിൻ, പല്ലിളിക്കിൻ
ദംഷ്ട്രകൾ കാട്ടിബ്ഭയപ്പെടുത്തീടുവി-
നട്ടഹസിക്കുവിൻ ഘോരമായി.

Digitized By Kerala Sahitya Akademi

വജ്രനഖങ്ങളാൽ മാന്തിപ്പൊളിക്കുവിൻ
മൎത്ത്യന്റെ മാംസളസ്കന്ധപിണ്ഡം!
ഈ വിശപ്രരംഗമിതൊന്നുപോൽ ഹാ, സൎവ്വ-
ജീവജാലങ്ങൾക്കുമുള്ളതല്ലേ?
അശ്വങ്ങളേ, നിങ്ങൾ വണ്ടി വലിച്ചിടേ-
ണ്ടൊരാത്താചരിപ്പിൻ പണിമുടക്കം.
നിങ്ങളിന്നോളം ചുമന്ന മനുഷ്യനെ
നിങ്ങളെ മേലിൽച്ചുമക്കട്ടവൻ.
കാലികളേ, നിങ്ങൾ പെററ പൈതങ്ങൾക്കു
മേലിൽക്കുടിയ്ക്കേണ്ട പാലഖിലം,
ചൂഷണം ചെയ്യുന്ന മൎത്ത്യ,നുണരുവിൻ
ചൂടോടെ ഹാലിളകിക്കുതിപ്പിൻ!
കാളകളേ, നിങ്ങൾതന്റെ മേലാളികൾ
തോളിൽ നുകം പൂട്ടുവാൻ വരുമ്പോൾ,
മുക്കറയിട്ടു, തലകുലുക്കിക്കുതി-
ച്ചുക്ഷണം കുത്തി മറിച്ചിടുവിൻ!

സാരമേയങ്ങളേ, വീടു കാത്തുംകൊണ്ടു
ചാരത്തിൽ നിങ്ങൾ കിടന്നിടുമ്പോൾ,
ഒന്നോൎത്തു നോക്കിൻ യജമാനന്മാരവർ
വെണ്മലർ മെത്തയിൽ നിദ്രചെയ്യൂ.
മാൎജ്ജാരവൃന്ദമേ, കണ്ണു തുറക്കുവിൻ
മാത്രനേരം നാം കളഞ്ഞുകൂടാ.

Digitized By Kerala Sahitya Akademi

നിങ്ങൾ സേവിക്കുന്ന വീട്ടുകാർ ഭോജ്യങ്ങൾ
ഭംഗ്യാ ഭുജിച്ചു കഴിഞ്ഞശേഷം,
എല്ലു,മാ മുള്ളും മുളകുഞെട്ടും മാത്ര-
മല്ലേ തരുന്നുള്ളു നിങ്ങൾക്കെന്നും?
ക്ഷുത്തടങ്ങാതിരുട്ടത്തെലിയെത്തേടി-
യെത്ര വിഷമിച്ചിടുന്നു നിങ്ങൾ?
സമ്മതിക്കാൻ മേലീ—ച്ചൂഷണം ഹാ, നിങ്ങ-
ളുൺമയിലെത്തിയണിനിരക്കിൻ!
കാടിൻ മദംപൊട്ടി,യാനകളേ നിങ്ങൾ
ചാടി വരുവിൻ കടുവകളേ!
ഒത്തു ചേർന്നീടുവിൻ ചീറ്റപ്പുലികളേ,
ലജ്ജിച്ചുണരുവിൻ കരടികളേ!
ഒത്തൊരുമിച്ചു ചീറ്റിപ്പുളഞ്ഞുഗ്രമാം
പത്തി വിടർത്തുവിൻ പാമ്പുകളേ!
ജംബുകവൃന്ദമേ, പോരുവിൻ പോരുവിൻ
പൊൻപുലർകാലമടുത്തുപോയി!
വിപ്ലവം, വിപ്ലവം, സർവ്വത്ര വിപ്ലവം
വിശ്രമിച്ചീടാനിതല്ല നേരം.
വിപ്ലവം, വിപ്ലവം, മർത്ത്യൻെറ നേക്കുള്ള
വിപ്ലവം, നീണാൾ ജയിച്ചിടട്ടെ!!............

Digitized By Kerala Sahitya Akademi

# പതിനാറ്

നിത്തുന്നു ഞാനിപ്രചണ്ഡപ്രലപനം
ക്ഷുബ്ധരായ്ത്തീരേണ്ട നിങ്ങളാരും!
പാരമാത്ഥ്യത്തിൻ വെളിച്ചത്തിലേയ്ക്കെൻറ
പാട്ടും പിശാചിനെ ഞാൻ നയിച്ചു.
നിങ്ങൾക്കു നെററി ചുളിയാം ചുളിഞ്ഞിട–
ട്ടിങ്ങുള്ളിലൊട്ടും കലുക്കമില്ലാ.

പെട്ടെന്നുയരാം വികാരമതിലല്ല
തട്ടിച്ചുനോക്കേണ്ടതെൻമൊഴികൾ
ആ വികാരം ശമിയ്ക്കുമ്പോൾ പ്രശാന്തത
താവിക്കളുത്തിടുമന്തരംഗം.
ആ നല്ല നേരത്തു നിങ്ങളെ നോക്കുവിൻ
മാനസക്കണ്ണു തുറന്നു നിങ്ങൾ.
എന്നിട്ടു സത്യത്തെ മുൻനിത്തി,യേവം ഞാൻ
ചൊന്നതിൽ നിങ്ങൾ വിധിയെഴുതിൻ!

കാറും മഴയുമക്കാററടിയുംകൊണ്ടു
കാണിപോലും ഞാൻ ഭയപ്പെടില്ല.
വേപിതമാകാം ശിഖരങ്ങളെങ്കിലും
വേരുറപ്പുണ്ടുടൻ വീഴകില്ല;
ആപതിപ്പിയ്ക്കുവാനാവിർഭവിപ്പതൊ–
ട്ടാകെ,യാവോളമെതിത്തു നില്ക്കും.



Digitized By Kerala Sahitya Akademi

ഈ വർഷകാളിമ തീരും—വെളിച്ചങ്ങൾ
പൂവിടും—ഞാനതിൽ വിശ്വസിപ്പൂ!
അല്ലാ, വിധിവശാൽ വേരു പൊട്ടുന്നെങ്കി-
ലില്ല മേ കണ്ണീരും തെല്ലുപോലും!
ഇന്നടിഞ്ഞാകിലടിയട്ടെ, ലോകത്തി-
ലിന്നോളവും, ഹാ, സുഖിച്ചവൻ ഞാൻ!
അല്പകാലംകൊണ്ടനല്പമായ് നേടി ഞാ-
നത്ഭുതപൂർവ്വം സുഖമരന്ദം!
എങ്കിലുമക്കാഴ്ച കണ്ടു സഹിയാതെൻ-
സങ്കല്പം തേങ്ങിക്കരഞ്ഞിരുന്നു!
ഒന്നോടഖിലം വെറുക്കാൻ ശ്രമിക്കയാ-
ണിന്നു സങ്കല്പവും, ജീവിതവും!
എന്നാലരുതരുതെന്നു വിലക്കുന്നി-
തെന്നെയൊരുജ്ജ്വലദിവ്യരശ്മി!
എല്ലാം വിധിയിൽ സമർപ്പിച്ചിടുന്നു ഞാ-
നില്ല ഗത്യന്തരം!—മാപ്പു നൽകൂ!!...............

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | | | |
|---|---|---|---|---|---|
| രമണൻ | .... | .... | 1 | 8 | 0 |
| ദേവഗീത | .... | .... | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | .... | .... | 2 | 0 | 0 |
| അപരാധികൾ | .... | .... | 1 | 0 | 0 |
| ദിവ്യഗീതം | .... | .... | 1 | 8 | 0 |
| ഓണപ്പൂക്കൾ | .... | .... | 1 | 0 | 0 |
| ബാഷ്പാഞ്ജലി | .... | .... | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | .... | .... | 1 | 4 | 0 |
| സങ്കല്പകാന്തി | .... | .... | 1 | 4 | 0 |
| ആകാശഗംഗ | .... | .... | 1 | 0 | 0 |
| കളിത്തോഴി | .... | .... | 2 | 8 | 0 |
| വത്സല | .... | .... | 0 | 8 | 0 |
| ആരാധകൻ | .... | .... | 0 | 8 | 0 |
| മോഹിനി | .... | .... | 0 | 8 | 0 |
| ദേവത | .... | .... | 0 | 8 | 0 |
| തിലോത്തമ | .... | .... | 0 | 8 | 0 |
| കലാകേളി | .... | .... | 0 | 12 | 0 |
| ശ്രീതിലകം | .... | .... | 1 | 0 | 0 |
| ചൂഡാമണി | .... | .... | 1 | 0 | 0 |
| കരടി | .... | .... | 0 | 8 | 0 |
| വിവാഹാലോചന | .... | .... | 0 | 8 | 0 |
| അനശ്വരഗാനം | .... | .... | 0 | 8 | 0 |
| യവനിക | .... | .... | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | .... | .... | 1 | 8 | 0 |
| സാഹിത്യചിന്തകൾ | .... | .... | 1 | 0 | 0 |
| നിർവൃതി | .... | .... | 0 | 8 | 0 |
| ദേവയാനി | .... | .... | 0 | 8 | 0 |
| മഞ്ഞക്കിളികൾ | .... | .... | 1 | 0 | 0 |
| കല്ലോലമാല | .... | .... | 1 | 4 | 0 |

(മറുപുറം നോക്കുക)

Digitized By Kerala Sahitya Akademi

## ചങ്ങമ്പുഴ കൃതികൾ (തുടർച്ച)

| | | | |
|---|---|---|---|
| മൗനഗാനം .... .... | 1 | 0 | 0 |
| നിർവ്വാണമണ്ഡലം .... .... | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ .... .... | 0 | 12 | 0 |
| പാടുന്ന പിശാച് .... | 1 | 8 | 0 |
| മദിരോത്സവം .... | 2 | 0 | 0 |
| സ്വരരാഗസുധ .... | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി .... .... | 1 | 2 | 0 |
| മണിവീണ .... .... | 0 | 12 | 0 |
| മാനസേശ്വരി .... .... | 0 | 6 | 0 |
| മയൂഖമാല .... .... | 0 | 9 | |
| സുധാംഗദ .... .... | 0 | 15 | 0 |
| അമൃതവീചി .... .... | 0 | 12 | 0 |
| പെല്ലീസും മെലിസാന്ദയും .... | 1 | 8 | 0 |
| മാനസാന്തരം .... .... | 1 | 8 | 0 |
| പ്രതികാരദുർഗ്ഗ .... .... | 2 | 8 | 0 |
| കഥാരത്നമാലിക .... .... | 1 | 2 | 0 |
| നീറുന്ന തീച്ചൂള .... .... | 1 | 4 | 0 |
| തളിർത്തൊത്തുകൾ .... .... | 1 | 0 | 0 |
| രാഗപരാഗം .... .... | 1 | 0 | 0 |
| ഹനേലെ | 1 | 8 | 0 |
| നർത്തകി .... .... | 0 | 8 | 0 |
| ശ്മശാനത്തിലെ തുളസി .... | 0 | 12 | 0 |
| പൂനിലാവിൽ .... .... | 1 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളും കൂടി ഒരു വാല്യത്തിൽ .... .... | 5 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) .... | 0 | 8 | 0 |
| വസന്തോത്സവം .... .... | 0 | 12 | 0 |
| ശിഥിലഹൃദയം (ചെറുകഥകൾ) .... | 1 | 0 | 0 |

**മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ**

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi